# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തലപ്പലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.-കെ.ടി.എം.-പി14/259/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 02/03/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലപ്പലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.-കെ.ടി.എം.-പി14/259/22 തീയ്യതി: 02/03/2022

## കോട്ടയം ജില്ലയിലെ തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2021 മുതൽ 31-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-02-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എം. എൻ. രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 27-01-2022 | 03-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-01-2022 | 03-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രസാദ് പി ജി, ഓഡിറ്റ് ഓഫീസർ
അമ്പിളി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ബാബുരാജ് കെ ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
കൃഷ്ണപ്രിയ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഇന്ദിര രാധാകൃഷ്ണൻ | പ്രസിഡന്റ് | 01-04-2020 | 20-11-2020 |
| ശ്രീമതി. അനുപമ വിശ്വനാഥ് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീമതി. ഷീജ പി എസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാം ക്രിസ്റ്റി ജോൺ | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2020 | 11-11-2020 |
| ശ്രീ. ജയപ്രകാശ് ആർ | അസിസ്റ്റൻറ് എഞ്ചിനീയർ | 12-11-2020 | 31-03-2021 |
| ഡോ.ദിവ്യ ജോർജ് റ്റി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2020 | 31-01-2021 |
| ഡോ. യശോധരൻ ഗോപാലൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-02-2021 | 31-03-2021 |
| ഡോ. പദ്മനാഭൻ ഇ ജി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ. സിമി തോമസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ. സ്മിത എൻ എഫ് | വെറ്റിനറി സർജൻ | 01-04-2020 | 14-10-2020 |
| ഡോ. അക്സ പി തോമസ് | വെറ്റിനറി സർജൻ | 15-10-2020 | 31-03-2021 |
| ശ്രീമതി. മഞ്ജുദേവി വി ആർ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. കെ വി സജിമോൻ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ആരിഫ കെ പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. റൊണാൾഡ് വിൽസൺ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ. പദ്മകുമാർ പി ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

21.11.2020 മുതൽ 20.12.2020 വരെ ഉദ്യോഗസ്ഥ ഭരണം * പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള

പിൻവലിക്കലുകൾ 31.12.2021 വരെ പരിശോധിച്ചിട്ടുണ്ട്.

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Krishnapriya.S (Auditor, On 29-01-2022)<br>Last Updated By: Krishnapriya.S (Auditor, On 29-01-2022) | 1-1 |
| 2 | വാർഷികകണക്കുകളുടെ അവലോകനം.<br>Written By: Krishnapriya.S (Auditor, On 04-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Krishnapriya.S (Auditor, On 29-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-02-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Ambily M (Asst. Audit Officer, On 04-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-02-2022) | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം.<br>Written By: Prasad P G (Audit Officer, On 03-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-02-2022) | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി<br>Written By: Krishnapriya.S (Auditor, On 03-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-02-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: K.B.Baburaj (Auditor, On 02-02-2022)<br>Last Updated By: K.B.Baburaj (Auditor, On 02-02-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Krishnapriya.S (Auditor, On 29-01-2022)<br>Last Updated By: Krishnapriya.S (Auditor, On 29-01-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം.<br>Written By: Prasad P G (Audit Officer, On 03-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-02-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Krishnapriya.S (Auditor, On 29-01-2022)<br>Last Updated By: Krishnapriya.S (Auditor, On 29-01-2022) | 1-10 |
| 11 | ബാധ്യതാ കണക്കിൽ ഉൾപ്പെട്ടിരിക്കുന്ന തുകകൾ നിശ്ചിത ഫണ്ടുകളിലേയ്ക്ക് തിരികെ അടവാക്കിയില്ല.<br>Written By: Ambily M (Asst. Audit Officer, On 04-02-2022)<br>Last Updated By: M.N.Radhakrishnan (Deputy Director, On 02-03-2022) | 1-11 |
| 12 | രസീതുകളുടെ സൂക്ഷിപ്പ്, വിതരണം, ഉപയോഗം എന്നിവയിലെ അപാകതകൾ<br>Written By: Krishnapriya.S (Auditor, On 03-02-2022)<br>Last Updated By: M.N.Radhakrishnan (Deputy Director, On 02-03-2022) | 1-12 |
| 13 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു<br>Written By: Krishnapriya.S (Auditor, On 03-02-2022)<br>Last Updated By: Prasad P G (Audit Officer, On 04-02-2022) | 1-13 |
| 14 | റോഡ്, മേഖല എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി ഇളവുകൾ നൽകി - വർദ്ധനവ് നൽകിയില്ല.<br>Written By: Krishnapriya.S (Auditor, On 03-02-2022)<br>Last Updated By: Prasad P G (Audit Officer, On 04-02-2022) | 1-14 |
| 15 | യഥാർഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചില്ല<br>Written By: Krishnapriya.S (Auditor, On 03-02-2022)<br>Last Updated By: M.N.Radhakrishnan (Deputy Director, On 02-03-2022) | 1-15 |

| | | |
|---|---|---|
| 16 | വസ്തു നികുതി നിർണ്ണയിക്കപ്പെടാത്ത കെട്ടിടങ്ങൾ.<br>Written By: Krishnapriya.S (Auditor, On 03-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 02-03-2022) | 1-16 |
| 17 | കേസ് തീർപ്പായിട്ടില്ല - മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു<br>Written By: Krishnapriya.S (Auditor, On 01-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 02-03-2022) | 1-17 |
| 18 | ഇളവ് പരിധിക്ക് പുറത്തുള്ള വിസ്തീർണ്ണത്തിന് വസ്തുനികുതി ഒഴിവാക്കി നൽകി<br>Written By: Krishnapriya.S (Auditor, On 03-02-2022)<br>Last Updated By: M.N.Radhakrishnan (Deputy Director, On 02-03-2022) | 1-18 |
| 19 | വസ്തുനികുതി കണക്കാക്കൽ - ഒറ്റത്തവണകെട്ടിടനികുതി - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല<br>Written By: Krishnapriya.S (Auditor, On 03-02-2022)<br>Last Updated By: Prasad P G (Audit Officer, On 04-02-2022) | 1-19 |
| 20 | കരാറുകാർ, റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിലെ ജീവനക്കാർ തുടങ്ങിയവരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Krishnapriya.S (Auditor, On 31-01-2022)<br>Last Updated By: Prasad P G (Audit Officer, On 04-02-2022) | 1-20 |
| 21 | പഞ്ചായത്ത് പരിധിയിൽ വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്നു<br>Written By: Krishnapriya.S (Auditor, On 03-02-2022)<br>Last Updated By: Prasad P G (Audit Officer, On 04-02-2022) | 1-21 |
| 22 | കോഴി ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത്.<br>Written By: Krishnapriya.S (Auditor, On 03-02-2022)<br>Last Updated By: Prasad P G (Audit Officer, On 04-02-2022) | 1-22 |
| 23 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Krishnapriya.S (Auditor, On 03-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 02-03-2022) | 1-23 |
| 24 | സാമൂഹ്യ സുരക്ഷാ പെൻഷൻ-പെൻഷണർ മരണമടഞ്ഞതിനുശേഷവും വിതരണം നടത്തിയിരിക്കുന്നു<br>Written By: K.B.Baburaj (Auditor, On 03-02-2022)<br>Last Updated By: M.N.Radhakrishnan (Deputy Director, On 02-03-2022) | 1-24 |
| 25 | സ്മാർട്ട് ക്ലാസ്സ് റൂമിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ - മാർഗ്ഗരേഖ പാലിച്ചില്ല – ഉപകരണങ്ങൾ നാളിതുവരെ പ്രവർത്തന ക്ഷമമാക്കിയിട്ടില്ല.<br>Written By: Ambily M (Asst. Audit Officer, On 03-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-02-2022) | 1-25 |
| 26 | പ്രൊക്യൂർമെന്റ് മാനേജ്മെന്റ് കമ്മിറ്റി തീരുമാനങ്ങൾ -മിനിട്ട്സ് ബുക്കിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല..<br>Written By: Ambily M (Asst. Audit Officer, On 03-02-2022)<br>Last Updated By: M.N.Radhakrishnan (Deputy Director, On 02-03-2022) | 1-26 |
| 27 | വീട് വാസയോഗ്യമാക്കൽ പ്രോജക്ട് - സബ്സിഡി തുക പൂർണ്ണമായും ഗുണഭോക്താവിന് അനുവദിക്കാൻ കഴിയുന്ന വിധം പ്രോജക്ട് രൂപീകരിക്കുക<br>Written By: Ambily M (Asst. Audit Officer, On 04-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-02-2022) | 1-27 |
| 28 | ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.<br>Written By: Ambily M (Asst. Audit Officer, On 04-02-2022)<br>Last Updated By: M.N.Radhakrishnan (Deputy Director, On 02-03-2022) | 1-28 |
| 29 | അഗതി രഹിത കേരളം - മരുന്ന് വിതരണം ആരംഭിച്ചിട്ടില്ല<br>Written By: Ambily M (Asst. Audit Officer, On 04-02-2022) | 1-29 |

| | | |
|---|---|---|
| | Last Updated By: Sinimol Francis (Computer Assistant, On 25-02-2022) | |
| 30 | പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം-പിഴ ഈടാക്കിയില്ല.<br>Written By: Prasad P G (Audit Officer, On 03-02-2022)<br>Last Updated By: M.N.Radhakrishnan (Deputy Director, On 02-03-2022) | 1-30 |
| 31 | പട്ടികജാതി വനിതകൾക്കായുള്ള ഉല്പന്ന വിപണന കേന്ദ്രം നവീകരണം-പ്രവൃത്തിയുടെ ഗുണഫലം പട്ടികജാതി വനിതകൾക്ക് ഇനിയും ലഭ്യമായില്ല.<br>Written By: Prasad P G (Audit Officer, On 03-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-02-2022) | 1-31 |
| 32 | എസ്റ്റിമേറ്റ്,കരാർ എന്നിവ പ്രകാരം പൂർത്തീകരിക്കാത്ത പ്രവൃത്തി പാർട്ട് ബിൽ നല്കി അവസാനിപ്പിച്ചു.<br>Written By: Prasad P G (Audit Officer, On 03-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-02-2022) | 1-32 |
| 33 | ഗുണഭോക്തൃസമിതി നടപ്പാക്കിയ പ്രവൃത്തി -അളവ് പുസ്തകം,അനുബന്ധരേഖകൾ ഇല്ല.<br>Written By: Prasad P G (Audit Officer, On 03-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-02-2022) | 1-33 |
| 34 | ഗുണഭോക്തൃസമിതി നടപ്പിലാക്കുന്ന പ്രവൃത്തികൾ - സർക്കാർ മാർഗരേഖകൾ പാലിക്കുന്നില്ല.<br>Written By: Prasad P G (Audit Officer, On 03-02-2022)<br>Last Updated By: M.N.Radhakrishnan (Deputy Director, On 02-03-2022) | 1-34 |
| 35 | ഓവർഹെഡ് ചാർജിനത്തിൽ ഗുണഭോക്തൃസമിതിക്ക് അധികം നല്കിയ തുക ഈടാക്കി പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിക്കുന്നത്.<br>Written By: Prasad P G (Audit Officer, On 03-02-2022)<br>Last Updated By: M.N.Radhakrishnan (Deputy Director, On 02-03-2022) | 1-35 |
| 36 | ചെയ്യാത്ത ഇനം പ്രവൃത്തിക്ക് തുക അനുവദിച്ചത്-അംഗീകരിക്കുന്നില്ല.<br>Written By: Prasad P G (Audit Officer, On 03-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-02-2022) | 1-36 |
| 37 | ബാരൽ വില ഈടാക്കിയില്ല.<br>Written By: Prasad P G (Audit Officer, On 03-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 02-03-2022) | 1-37 |
| 38 | തെങ്ങിന് ഡോളമൈറ്റും ജൈവവളവും വിതരണം - വികസന ഫണ്ട് അടങ്കൽ തുകയിലും അധികം ചെലവഴിച്ചു<br>Written By: Ambily M (Asst. Audit Officer, On 03-02-2022)<br>Last Updated By: M.N.Radhakrishnan (Deputy Director, On 02-03-2022) | 1-38 |
| 39 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-ഒരവലോകനം<br>Written By: K.B.Baburaj (Auditor, On 04-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 02-03-2022) | 1-39 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Krishnapriya.S (Auditor, On 29-01-2022)<br>Last Updated By: Krishnapriya.S (Auditor, On 29-01-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Krishnapriya.S (Auditor, On 29-01-2022)<br>Last Updated By: Krishnapriya.S (Auditor, On 29-01-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Krishnapriya.S (Auditor, On 02-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 02-03-2022) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Krishnapriya.S (Auditor, On 29-01-2022)<br>Last Updated By: Krishnapriya.S (Auditor, On 29-01-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Krishnapriya.S (Auditor, On 29-01-2022)<br>Last Updated By: M.N.Radhakrishnan (Deputy Director, On 02-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Krishnapriya.S (Auditor, On 29-01-2022)<br>Last Updated By: Krishnapriya.S (Auditor, On 03-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Krishnapriya.S (Auditor, On 29-01-2022)<br>Last Updated By: Krishnapriya.S (Auditor, On 29-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Krishnapriya.S (Auditor, On 29-01-2022)<br>Last Updated By: Krishnapriya.S (Auditor, On 29-01-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികൾ വഴി ഈടാക്കിയ തുകയുടെ വിവരം<br>Written By: Krishnapriya.S (Auditor, On 29-01-2022)<br>Last Updated By: Krishnapriya.S (Auditor, On 29-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Krishnapriya.S (Auditor, On 29-01-2022)<br>Last Updated By: M.N.Radhakrishnan (Deputy Director, On 02-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Krishnapriya.S (Auditor, On 29-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-02-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 18.03.2020 തീയതിയിലെ I/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആയത് 19.02.2021 തീയതിയിലെ I/1-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 1541058.27 | 10399699.72 |
| വരവ് | 100752000.00 | 41847917.00 |
| ആകെ | 102293058.27 | 52247616.72 |
| ചെലവ് | 99856000.00 | 40306143.00 |
| നീക്കിയിരിപ്പ് | 2437058.27 | 11941473.72 |

## 1-2 വാർഷികകണക്കുകളുടെ അവലോകനം.

2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.07.2011ലെ ജി.ഒ(എംഎസ്) 152/11/എൽഎസ്ജിഡി യിലെ നിർദ്ദേശം പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2. വസ്തുനികുതിയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. ലോൺ വിശദാംശങ്ങൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് ബി-5ഷെഡ്യൂളിൽ 330500201-Secured Loans എന്ന ശീർഷകത്തിൽ KURDFC ലോൺ തിരിച്ചടവായി അവശേഷിക്കുന്ന 9392256 രൂപയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. 2019-20 വർഷത്തിലെ ലോൺ ഇനത്തിലുള്ള തിരിച്ചടവ് തുകയായ 735294 രൂ ലോൺ ബാദ്ധ്യത തുകയിൽ നിന്ന് കുറവ് ചെയ്തിട്ടില്ലാത്തത് നിലവിലും ലോൺ നീക്കിയിരിപ്പിൽ ക്രമീകരിച്ചിട്ടില്ല.
4. തൊഴിൽ നികുതി (ട്രേഡേഴ്സ്) വാർഷിക കണക്ക് പ്രകാരമുള്ള ഡിമാൻഡ് , കളക്ഷൻ തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
5. തൊഴിൽ നികുതി (ജീവനക്കാർ ) വാർഷിക കണക്ക് പ്രകാരമുള്ള ഡിമാൻഡ് , കളക്ഷൻ, ബാലൻസ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
6. ലൈസൻസ് ഫീസ് വാർഷിക കണക്ക് പ്രകാരമുള്ള ഡിമാൻഡ് , കളക്ഷൻ, ബാലൻസ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
7. ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിലെ വരവിനങ്ങളുടെ (വസ്തുനികുതി, തൊഴിൽനികുതി- ട്രേഡേഴ്സ്, ഡി & ഒ ലൈസൻസ് ഫീസ്) അഡ്വാൻസ് തുകകളുടെ കൃത്യത അടിസ്ഥാന രേഖകളുടെ അഭാവത്തിൽ

ഉറപ്പാക്കാനാകുന്നില്ല.

8. ബാലൻസ് ഷീറ്റ് B15 ഷെഡ്യൂളിൽ വാടകകുടിശ്ശികയായി രേഖപ്പെടുത്തിയിരിക്കുന്ന 14436 രൂപയുടെ വിശദാംശങ്ങൾ ലഭ്യമായില്ല.

9. ഇൻവെസ്റ്റ്മെന്റ് ബാലൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ B12 ഷെഡ്യൂളിലെ സ്ഥിരനിക്ഷേപ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പു വരുത്താൻ സാധിക്കുന്നില്ല. എഫ് ഡി രസീത് പരിശോധനയ്ക്ക് ലഭ്യമായില്ല. ബാങ്കിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റിൽ നിന്നും (എസ്ബിഐ പ്ലാശനാൽ A/c No – 0120000015973) വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു. തൻ വർഷം ലഭിച്ച പലിശ ഉൾപ്പെടുത്താതെയാണ് B12 ഷെഡ്യൂളിൽ നീക്കിയിരിപ്പ് കണക്കാക്കിയിരിക്കുന്നത്.

10. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

11. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ, വർക്ക് ഇൻ പ്രോഗ്രസ്സ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമായില്ല.

12. ഗുണഭോക്തൃ വിഹിതം തൻവർഷ നീക്കിയിരിപ്പ് 26726 രൂപയുടെ വിശദാംശം B4 ഷെഡ്യൂളിന്റെ രജിസ്റ്ററിൽ എ.സി.ആറിൽ ചേർത്തിട്ടില്ല.

13. പ്രോജക്ട് നം.134/21 പ്രകാരം 3-ാം വാർഡിൽ വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം എന്ന ഡെപ്പോസിറ്റ് പ്രവൃത്തിക്കായി ചെലവഴിച്ച 54,000/- രൂപ B18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10399699.72 |
| ഓഡിറ്റ് വർഷത്തെ വരവ് | 41847917.00 |
| ആകെ | 52247616.72 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 40306143.00 |
| നീക്കിയിരിപ്പ് | 11941473.72 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 367369 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 9006038 | 9006038 | 7438473 | 1567565 | 82.59 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1549000 | 1549000 | 1454405 | 94595 | 93.89 |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 221000 | 221000 | 221000 | 0 | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) | 0 | 3240000 | 3240000 | 1173345 | 2066655 | 36.21 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 5333698 | 5333698 | 4162584 | 1171114 | 78.04 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 3456681 | 3456681 | 3456681 | 0 | 100 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 4282000 | 4282000 | 4282000 | 0 | 100 |
| ഐസിഡിഎസ് ഫണ്ട് | 350501 | 1198088 | 1548589 | 1200000 | 348589 | - |
| സ്വച്ഛ് ഭാരത് മിഷൻ | 1231107 | 1134228 | 2365335 | 934844 | 1430491 | - |
| ശുചിത്വമിഷൻ ഗ്രാന്റ് | 156732 | 600 | 157332 | 39102 | 118230 | - |
| ജലനിധി(സുസ്ഥിരത പ്രോജക്ട് ഉൾപ്പെടെ) | 2350049 | 1594570 | 3944619 | 0 | 3944619 | - |
| എൻആർഇജിഎ | 2258 | 17138152 | 17140410 | 17138410 | 2000 | . |

1. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ട് (പൊതുവിഭാഗം)വരവ് 7544053 രൂപയാണ്. സർക്കാർ നേരിട്ട് കുറവ് ചെയ്ത 1461985 രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ല.
2. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ട് (എസ് സി പി)വരവ് 1489412 രൂപയാണ്. സർക്കാർ നേരിട്ട് കുറവ് ചെയ്ത 58588 രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ല.

വരവിൽ വ്യത്യാസം നിലനിൽക്കുന്നതിനാൽ മേൽ ഫണ്ടിനങ്ങളുടെ നീക്കിയിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു. മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന്(ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ , വാർഷിക കണക്ക് എന്നിവ പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം.

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷ വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ആസൂത്രണസമിതിയോഗം 18-12-2019 ലും വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ 19-12-2019 ലും നടക്കുകയുണ്ടായി.പ്രസ്തുതമീറ്റിംഗുകളിൽ അവതരിപ്പിച്ച പദ്ധതി നിർദേശങ്ങൾ 20-12-2019 മുതൽ 23-12-2019 വരെയുള്ള ഗ്രാമസഭകളിൽ ചർച്ചകൾ ചെയ്ത ശേഷം 17-02-2020 ലെ വികസന സെമിനാറിൽ

ചർച്ച ചെയ്ത് അന്തിമമാക്കുകയും ചെയ്ത് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടുകയും ചെയ്തു.

ഇപ്രകാരം അംഗീകാരം ലഭിക്കുകയും നടപ്പാക്കുകയും ചെയ്ത വാർഷികപദ്ധതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത് | വാർഷിക പദ്ധതിക്ക് വകയിരുത്തിയ തുക | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 173 | 147 | 54659059 | 26875494 | 49.17 |

പരിസ്ഥിതിസുരക്ഷ,സാമൂഹ്യ നീതി എന്നിവ ഉറപ്പാക്കി സാമ്പത്തികവളർച്ചയുടെ ഉയർന്ന തലത്തിലേക്ക് കേരളത്തെ എത്തിക്കുക എന്ന പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ മുഖ്യലക്ഷ്യ ത്തോടൊപ്പം ആരോഗ്യ-വിദ്യാഭ്യാസസൗകര്യങ്ങൾവർദ്ധിപ്പിച്ച്മനുഷ്യവിഭവശേഷിവികസനം,പരിസ്ഥിതിസംരക്ഷണം,മാലിന്യ സംസ്കരണം,അഗതിപുനരധിവാസം,സാമൂഹ്യസുരക്ഷ,ദാരിദ്ര്യനിർമാർജനം എന്നിവയ്ക്കും തുല്യപ്രാധാന്യം കല്പിച്ചിരിക്കുന്നു.ഈ ലക്ഷ്യപ്രാപ്തിക്കുതകുംവിധം സർക്കാർ വിഭാവനം ചെയ്യുന്ന ആർദ്രം,ലൈഫ്,പൊതുവിദ്യാഭ്യാസ സംരക്ഷണം,ഹരിതകേരളം എന്നീ മിഷനുകളെയും പഞ്ചവത്സരപദ്ധതിയിൽ സംയോജിപ്പിക്കേണ്ടതുണ്ട്.വാർഷികപദ്ധതിയിൽ പ്രോജക്ടുകൾ തയാറാക്കി നടപ്പിലാക്കുന്നത് മേൽ ലക്ഷ്യങ്ങൾ സാധൂകരിക്കുന്നതിന് സഹായിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനാണ് പദ്ധതി ആസൂത്രണ നടപടികളിലൂടെ വാർഷികപദ്ധതി അന്തിമമാക്കുന്നത്.

പദ്ധതി ആസൂത്രണ മാർഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പട്ടികജാതി,പട്ടികവർഗ്ഗങ്ങളിൽ പെട്ടവർ,വനിതകൾ,കുട്ടികൾ,ഭിന്നശേഷിക്കാർ,വയോജനങ്ങൾഎന്നിങ്ങനെപ്രത്യകവിഭാഗങ്ങൾക്കായും, അടിസ്ഥാനസേവനങ്ങളായകുടിവെള്ളം,ശുചിത്വം,മാലിന്യസംസ്കരണം,ആശുപത്രികൾ,സ്കൂളുകൾ, അങ്കണവാടികൾ,റോഡുകൾ,എന്നിവയുടെ നിർമ്മാണ വികസന പ്രവർത്തനങ്ങൾക്കായും ,ആസ്തി സംരക്ഷണം, സദ്ഭരണം എന്നീലക്ഷ്യപ്രാപ്തിക്കായും ഉള്ള പ്രോജക്ടുകൾ വിവിധനിർവഹണ ഉദ്യോഗസ്ഥർ നിർവഹിക്കുന്നതിനായി വാർഷികപദ്ധതിയിലൂടെ ആവിഷ്കരിക്കുകയുണ്ടായി.

വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയത് | പ്രോജക്ടുകൾക്ക് വകയിരുത്തിയ തുക | ചെലവ്. |
|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 1243490 | 691940 |
| വെറ്ററിനറി സർജൻ | 3 | 3 | 1480400 | 1042900 |
| മെഡി.ഓഫീസർ,പി.എച്ച്.സി | 8 | 6 | 1559807 | 994807 |
| മെഡി.ഓഫീസർ,ആയുർവേദ | 1 | 1 | 450000 | 45000025 |
| വി.ഇ.ഒ | 25 | 20 | 25994322 | 5363090 |
| ഐ.സി.ഡി.എസ് | 4 | 4 | 2478100 | 2468327 |

| | | | | |
|---|---|---|---|---|
| സൂപ്പർവൈസർ | | | | |
| സെക്രട്ടറി | 33 | 29 | 4966114 | 3703302 |
| ഹെഡ് മാസ്റ്റർ | 2 | 2 | 288714 | 269900 |
| അസി.എൻജിനീയർ | 87 | 72 | 15308112 | 11402228 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 890000 | 489000 |
| ആകെ | 173 | 147 | 54659059 | 26875494 |

കാർഷികമേഖലയിൽ പച്ചക്കറി,കിഴങ്ങുവർഗങ്ങൾ,ഫലവൃക്ഷത്തൈകൾ എന്നിവയുടെ വിതരണം ,തരിശുനിലത്തിൽ വാഴക്കൃഷി പ്രോത്സാഹനം ,കൃഷിക്ക് കൂലിച്ചെലവ് എന്നീപ്രോജക്ടുകൾ കൃഷി ഓഫീസർ മുഖേന നടപ്പിലാക്കിയിട്ടുണ്ട്.പച്ചക്കറികളുടെയും ,ഫലവർഗങ്ങളുടെയും കൂടിയതോതിലുള്ള ഉല്പാദനത്തിന് പ്രോജക്ടുകൾ പ്രയോജനപ്പെട്ടിട്ടുണ്ടെങ്കിലും കൃത്യമായ വിവരശേഖരണങ്ങൾ ഉണ്ടാവാത്തത് പ്രോജക്ടുകളുടെ ലക്ഷ്യപ്രാപ്തിസംബന്ധിച്ച സ്ഥിതിവിവരങ്ങൾ ലഭ്യമാക്കുന്നില്ല. കന്നുകുട്ടി പരിപാലനം,മുട്ടക്കോഴി വിതരണം ,പാലിന് സബ്സിഡി,കാലിത്തീറ്റ സബ്സിഡി തുടങ്ങി മൃഗസംരക്ഷണമേഖലയിലെ പ്രോജക്ടുകളുടെയും സ്ഥിതി വ്യത്യസ്തമല്ല.ആരോഗ്യമേഖലയിൽ പ്രാഥമികാരോഗ്യകേന്ദ്രം, ആയുർവേദ ,ഹോമിയോ ഡിസ്പൻസറികളിലേക്ക് മരുന്ന് വാങ്ങൽ,പാലിയേറ്റീവ് പരിചരണം,കോവിഡ്,മറ്റുപകർച്ചവ്യാധികൾ തുടങ്ങിയവക്കെതിരായ പ്രതിരോധപ്രവർത്തനങ്ങൾ എന്നിങ്ങനെ സമഗ്രമായ ആരോഗ്യസുരക്ഷാ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയുണ്ടായി.

പട്ടികജാതി,പട്ടികവർഗ്ഗത്തിൽപെട്ടവരുൾപ്പെടെ എല്ലാ വിഭാഗം ജനങ്ങളുടെയും ക്ഷേമത്തിന് ഊന്നൽ നല്കി ലൈഫ് ഭവനനിർമാണ പദ്ധതി,വീട് വാസയോഗ്യമാക്കൽ,ടോയ് ലറ്റ് മെയിന്റനൻസ്,വാട്ടർടാങ്ക് വിതരണം,ഹരിതകർമസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട്,ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്,വയോജനങ്ങൾക്ക് കട്ടിൽവിതരണം,കുഴൽകിണറുകളുടെ നിർമ്മാണം,സ്ട്രീറ്റ്മെയിൻ വലിക്കൽ ,തെരുവ് വിളക്ക് സ്ഥാപിക്കൽ ,സദ്ഭരണവുമായി ബന്ധപ്പെടുത്തി ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ അനുബന്ധപ്രവർത്തനങ്ങൾ,വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ സൗകര്യം മെച്ചപ്പെടുത്തൽ തുടങ്ങി വ്യത്യസ്ത പ്രോജക്ടുകൾ നിർവഹണഉദ്യോഗസ്ഥരായ വി.ഇ.ഒ,ഐ.സി.ഡി.എസ്.സൂപ്പർവൈസർ ,പഞ്ചായത്ത് സെക്രട്ടറി എന്നിവർ നടപ്പിലാക്കി.എസ്.സി, വിഭാഗം വിദ്യാർഥികൾക്ക് പഠനോപകരണം,സ്മാർട്ട് ക്ലാസ് റൂമിന് ഉപകരണം തുടങ്ങിയ പ്രവൃത്തികൾ ഹെഡ് മാസ്റ്റർ നടപ്പിലാക്കിയിട്ടുണ്ട്.

പശ്ചാത്തലമേഖലയിൽ അസി.എൻജിനീയർ നടപ്പിലാക്കിയ പ്രോജക്ടുകളിൽ റോഡുകളുടെ കോൺക്രീറ്റിംഗ്,ടാറിംഗ്,റീടാറിംഗ്,വിവിധ അങ്കണവാടികൾ,സ്കൂളുകൾ,പി.എച്ച്.സി,കുടുംബക്ഷേമകേന്ദ്രം എന്നിവയുടെ മെയിന്റനൻസ് പ്രവൃത്തികൾ,ഓടകൾ,ഐറിഷ് ഡ്രെയിൻ തുടങ്ങിയ നിർമ്മാണങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.കുറഞ്ഞ തുകകളുടെ പ്രോജക്ടുകളാണ് മിക്കവയും. പ്രവൃത്തികളുടെ ടെണ്ടറിൽ മതിയായ മത്സരം ഉണ്ടാവുന്നില്ലയെന്നാണ് ഫയലുകൾ വ്യക്തമാക്കുന്നത്.എല്ലാ പ്രവൃത്തികളിലും രണ്ട് കരാറുകാർ മാത്രം ടെണ്ടർ നല്കുകയും ഒരാൾ എസ്റ്റിമേറ്റ് നിരക്കും മറ്റെയാൾ എസ്റ്റിമേറ്റ് നിരക്കിലും 0.01% കുറവായി പറയുകയും ചെയ്യുന്നതാണ് എല്ലാ പ്രവൃത്തികളിലും തുടർന്ന് വരുന്നത്.കരാറുകാർ തമ്മിൽ ചില നീക്കുപോക്കുകളിൽ എത്തുന്നതിലൂടെ ടെണ്ടർ നടപടികളുടെ മെച്ചം സ്ഥാപനത്തിന് നിഷേധിക്കുന്ന അവസ്ഥ സംജാതമാകുന്നു.

ഏറ്റെടുത്തവയിൽ 26 പ്രോജക്ടുകൾ നടപ്പാക്കിയില്ല.അസി.എൻജിനീയർ നടപ്പാക്കിയ 72 പ്രോജക്ടുകളിൽ 30 എണ്ണവും സ്പിൽ ഓവർ പ്രവൃത്തികളാണ്.പുതിയതായി തയാറാക്കിയ 56പ്രോജക്ടുകളിൽ 42 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്.

വാർഷികപദ്ധതിയിൽ അംഗീകാരം ലഭിച്ച ആകെ 173 പ്രോജക്ടുകളിൽ 26 എണ്ണം നടപ്പിലാക്കിയിട്ടില്ല.പദ്ധതി അടങ്കലിന്റെ പകുതിപോലും ചെലവഴിക്കുന്നതിന് സാധിച്ചില്ല.ഇതുമൂലം

വകയിരുത്തിയ തുകകൾ പലതും നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാക്കിയിട്ടുണ്ട്.വാർഷികപദ്ധതിക്കായി ലഭ്യമായ സർക്കാർ ഗ്രാന്റുകൾ ലാപ്സായതിന്റെ വിവരം ചുവടെ ചേർക്കുന്നു

| ഫണ്ട് | ലാപ്സായ തുക |
|---|---|
| വികസനഫണ്ട് ,പൊതുവിഭാഗം | 1567565. |
| വികസനഫണ്ട് ,എസ്.സി.പി | 94595. |
| ആകെ | 1662160 |

പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിച്ച വികസനഫണ്ട് മുഴുവൻ ചെലവഴിക്കാതെ ലാപ്സാകുന്നത് പദ്ധതി പ്രവർത്തനങ്ങൾ സമയക്രമം പാലിച്ച് നടപ്പിലാക്കുന്നതിലുണ്ടാകുന്ന പാളിച്ചകൾ മൂലമാണ്.വ്യക്തിഗത ഗുണഭോക്താക്കളെ യഥാസമയം തെരഞ്ഞെടുത്ത് ഗുണഭോക്തൃലിസ്റ്റ് തയാറാക്കുക,നിർവഹണ ഉദ്യോഗസ്ഥർക്ക് മതിയായ രേഖകളും ,പ്രോജക്ടുകളും നിർവഹണത്തിന് മതിയായ സമയം ലഭിക്കുന്നുവെന്ന് ഉറപ്പാക്കി ലഭ്യമാക്കുക ,മരാമത്ത് പ്രവൃത്തികളിൽ മതിയായ അനുമതികൾ ലഭ്യമാക്കി പരമാവധി നേരത്തെ ടെന്റർനടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുക എന്നിങ്ങനെ വാർഷികപദ്ധതി പ്രോജക്ടുകൾ എല്ലാം തന്നെ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ ഗ്രാന്റ് തുകകൾ ലാപ്സാവുന്നത് ഒഴിവാക്കാവുന്നതാണ്.ഉദ്യോഗസ്ഥ ഭരണസമിതി തലങ്ങളിൽ മതിയായ ഏകോപനത്തോടെയുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് 2020-21 വർഷം ഏറ്റെടുത്ത വാർഷികപദ്ധതി പ്രോജക്ടുകൾ വാർഷികപദ്ധതിയുടെ വിശാലലക്ഷ്യങ്ങൾ കുറെയെങ്കിലും സാക്ഷാത്കരിക്കുന്നതിന് സഹായകമായിട്ടുണ്ട്.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21 വർഷം ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 251 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 243 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 188 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 41702 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 103അയൽക്കൂട്ടങ്ങളിൽ 81 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 819 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. 287 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി കയ്യാല നിർമ്മാണം, മഴക്കുഴി നിർമ്മാണം തുടങ്ങിയ പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2020-21 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. എം ജി എൻ ആർ ഇ ജി എസ് ക്യാഷ് ബുക്കിലെ കണക്കുകൾ പഞ്ചായത്തിന്റെ 2020-21 വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 2258.50 |
| വരവ് | 2020-21 ഇ എഫ് എം എസ് വരവ് | 15856738.00 | 17140410.50 |
| | ക്യാഷ് വരവ് (പലിശ ഉൾപ്പടെ) | 1281414.00 | |
| | ആകെ വരവ് | 17138152.00 | |
| ആകെ(മുന്നിരിപ്പും വരവും ഉൾപ്പടെ) | | | |
| ചെലവ് | തൊഴിലാളികളുടെ വേതനം | 12378071.00 | 17138410.00 |
| | വിദഗ്ദ തൊഴിലാളികളുടെ വേതനം | 1568850.00 | |
| | ഉപകരണ വില, വാടക | 1909817.00 | |

| | | | |
|---|---|---|---|
| | ഭരണച്ചെലവ്(ശമ്പളം ഉൾപ്പടെ) | 1281672.00 | |
| | ആകെ ചെലവ് | 17138410.00 | |
| നീക്കിയിരിപ്പ് | | | 2000.50 |

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പ്ലാശ്ശനാൽ ശാഖയിലെ 67060035865 നം. അക്കൗണ്ടിലൂടെയാണ് തൊഴിലുറപ്പ് അഡ്മിനിസ്ട്രേറ്റീവ് ഫണ്ടിന്റെ വിനിമയം നടത്തുന്നത്. 320100101 സാംഖ്യ കണക്ക് ശീർഷകത്തിലാണ് അഡ്മിനിസ്ട്രേറ്റീവ് ഫണ്ട് അക്കൗണ്ട് ചെയ്തിരിക്കുന്നത്. 251300801 ശീർഷകത്തിലാണ് ഭരണച്ചെലവും നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകുന്ന തുകയും(EFMS) ഉൾപ്പടെയുള്ള ചെലവ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 11280 | 17 |
| കർഷകതൊഴിലാളി പെൻഷൻ | 1756200 | 142 |
| വിധവാപെൻഷൻ | 5379800 | 376 |
| വാർദ്ധക്യകാലപെൻഷൻ | 14004800 | 1041 |
| വികലാംഗപെൻഷൻ | 2174800 | 146 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 286600 | 18 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.01.2022 തീയതി 3.00 പി. എം. ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 12711/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ മെച്ചപ്പെട്ടിരുന്നുവെങ്കിലും ചില അപാകതകൾ ഇനിയും പരിഹരിക്കപ്പെടേണ്ടതുണ്ട്. ജീവനക്കാരുടെ ജോലികൾ കൃത്യമായി നിർവചിക്കുക,അവ ഉത്തരവുകളായി എഴുതി ആധികാരികമാക്കുക, ക്രമക്കേടുകൾക്കിടയാകാത്ത വിധം ഉദ്യോഗസ്ഥരുടെയിടയ്ക്ക് ജോലിവിഭജനം നടത്തുക എന്നിങ്ങനെ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യക്തമായി നിർവചിച്ച അക്കൗണ്ടിംഗ്

സംവിധാനമാണ് സ്ഥാപനത്തിൽ ബാധകമാക്കിയിട്ടുള്ളത്. പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം,സേവനരേഖകൾ,എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. എന്നാൽ നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും മതിയായ കാര്യക്ഷമത പുലർത്തുന്നില്ലയെന്ന് ഓഡിറ്റിൽ ബോധ്യപ്പെടുകയുണ്ടായിനിരവധി കെട്ടിടങ്ങൾ വസ്തുനികുതി ചുമത്തപ്പെടാതെയും നാമമാത്ര നികുതിചുമത്തപ്പെട്ടും കാണപ്പെട്ടു. വാണിജ്യാവശ്യത്തിനായി നിർമിച്ച് കരമീടാക്കിവരുന്ന കെട്ടിടങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വ്യാപാര വാണിജ്യാവശ്യങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് നല്കിയിട്ടില്ലയെന്നതിൽ നിന്ന് നിരവധി സ്ഥാപനങ്ങൾ ലൈസൻസില്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നതായി വ്യക്തമാകുന്നു. അനധികൃത കെട്ടിടങ്ങൾ സംബന്ധിച്ചും കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമല്ലയെന്നത് നികുതിചുമത്തൽ സംവിധാനങ്ങളുടെ പരാജയമാണ് കാണിക്കുന്നത് .സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിനും, സംഭരണത്തിനും സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും പാലിക്കുന്നതിൽ അപാകത ഉണ്ടായിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയവയുടെ സൂക്ഷിപ്പിലും അപാകതകൾ നിലനില്ക്കുന്നു. അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകത വാർഷികകണക്കുകളിലും പ്രതിഫലിക്കുന്നുണ്ട്. വാർഷിക പദ്ധതി പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടക്കുന്നില്ലയെന്നത് ആഭ്യന്തരനിയന്ത്രണത്തിലെ വീഴ്ചയാണ്. വിട്ടുകിട്ടപ്പെട്ട സ്ഥാപനങ്ങളിലെ ഉൾപ്പെടെയുള്ള ജീവനക്കാരുടെയും ഭരണസമിതിയുടെയും ഏകോപനത്തോടെയുള്ള പ്രവർത്തനം ആഭ്യന്തരനിയന്ത്രണ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിന് അനിവാര്യമാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03/2020 | 2019-20 | 24.11.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.12.2018-19.12.2018 | 2006-07 മുതൽ 2017-18 വരെ | എൽ.ബി.എ (എച്ച്.ക്യൂ)II/I/ 8എ-158/018 തീയതി 21.01.2019 |

1-11 ബാധ്യതാ കണക്കിൽ ഉൾപ്പെട്ടിരിക്കുന്ന തുകകൾ നിശ്ചിത ഫണ്ടുകളിലേയ്ക്ക് തിരികെ അടവാക്കിയില്ല.

ബാലൻസ് ഷീറ്റ് B4, B5 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ചിട്ടുള്ള പല തുകകളും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി പഞ്ചായത്തിന് ലഭിച്ചവയിൽ ചെലവഴിച്ചതിന് ശേഷം നീക്കിയിരിപ്പ് ഉള്ള തുകയോ, മറ്റ് സ്ഥാപനങ്ങളിൽ അടവാക്കുവാനുള്ള തുകയോ ആണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ബാലൻസ് ഷീറ്റിലെ കണക്ക് ശീർഷകം | തുക (രൂപ) | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| 320700105 | 80155 | 70/14 പ്രോജക്ട് ആയ എസ്സ് സ്സി വനിതാ ഉത്പ്പന്ന വിപണന കേന്ദ്രം നിർമ്മാണത്തിനായി ജില്ലാ പഞ്ചായത്ത് വിഹിതം ലഭിച്ചതിൽ അവശേഷിക്കുന്ന തുക. |
| 320700205 | 70800 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള ബ്ലോക്ക് വിഹിതമിനത്തിൽ 22.03.13 ൽ ലഭിച്ച തുകയിൽ അവശേഷിക്കുന്നത് |
| 350900199 | 11292 | കാലിബാരൽ വില്പനയിലൂടെ ലഭിച്ചതും സർക്കാരിലേക്ക് അടവാക്കേണ്ടതുമായ തുക |
| 350200299 | 3560 | 164/19 ഓഫീസ് കൊമ്പൗണ്ടിൽ ടൈൽ പാകൽ എന്ന പ്രോജക്ടിൽ കുറവ് ചെയ്ത ഫ്ലഡ് സെസ്സ് |
| 350300109 | 23123 | മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം ഈടാക്കിയ തുക തനത് ഫണ്ടിൽ അവശേഷിക്കുന്നത്. |

മേൽ ശീർഷകങ്ങളിൽ അവശേഷിക്കുന്ന തുകകൾ അതത് ഫണ്ടുകളിലേയ്ക്ക് തിരികെ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-12 രസീതുകളുടെ സൂക്ഷിപ്പ്, വിതരണം, ഉപയോഗം എന്നിവയിലെ അപാകതകൾ

24.05.2017-ലെ സ.ഉ(സാധാ)നം 1699/2017/തസ്വഭവ പ്രകാരം അംഗീകരിച്ച തദ്ദേശ സർക്കാർ സ്ഥാപനങ്ങൾക്കുള്ള ഓഫീസ് മാനേജ്മെന്റ് മാന്വലിൽ ഇ ഗവേർണൻസിൽ ഉൾപ്പെടെ സേവനങ്ങളുടെ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്. സ.ഉ (എം.എസ്) നം.150/2009/തസ്വഭവ തിയതി 1-8-2009 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരവും പണം കൈകാര്യം ചെയ്യുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടതും രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ ഇല്ലെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ്. മാന്വൽ രസീതുകളിലൂടെയും സാംഖ്യ സോഫ്റ്റ്വെയർ മുഖേനയുമുള്ള പണം വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി മാന്വൽ രസീതുകൾ, സാംഖ്യ രസീതുകളുടെ കൗണ്ടർ ഫോയിൽ, ക്യാൻസൽ ചെയ്ത രസീതുകളുടെ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന മാനുവൽ രസീതുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല (കെടിസി വാല്യം 1ആർട്ടിക്കിൾ 90 ബി, കുറിപ്പ് 2).

2. വെറ്ററിനറി സർജന് ഗുണഭോക്തൃ വിഹിതം ശേഖരിക്കുന്നതിന് നൽകിയ രസീത് ബുക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) താഴെപ്പറയുന്ന രസീത് ബുക്കുകളിൽ ക്യാൻസൽ ചെയ്ത രസീതുകളുടെ ഡ്യൂപ്ലിക്കേറ്റ് രസീതുകൾ സൂക്ഷിച്ചിട്ടില്ല.

| രസീത് ബുക്ക് നം. | രസീത് നം. |
|---|---|

| | |
|---|---|
| 14130 | 1 മുതൽ 53 വരെ |
| 14131 | 38 |

2) ഗുണഭോക്താക്കൾക്ക് നൽകുന്ന രസീതുകളിൽ തീയതി രേഖപ്പെടുത്തുന്നില്ല. രസീത് ബുക്ക് നം. 14131, 14132 എന്നിവയിൽ നിന്ന് നൽകിയിരിക്കുന്ന രസീതുകളിലൊന്നും തീയതി രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (03/31.01.2022) മറുപടിയായി രസീത് ബുക്ക് നം. 14130 ലെ 1 മുതൽ 53 വരെ രസീതുകളുടെ ഡ്യൂപ്ലിക്കേറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്. രസീത് ബുക്ക് നം. 14131 ലെ 38-ാം നമ്പർ രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് ലഭിക്കുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും തുടർന്ന് രസീതുകൾ നൽകുമ്പോൾ തീയതി രേഖപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

3. 1) കൃഷി ഓഫീസർക്ക് നൽകിയിട്ടുള്ള രസീത് ബുക്ക് നം. 5986 ലെ രസീത് നം. 98 പ്രകാരം 18-11-2021 ൽ 245 രൂപ വരവുണ്ട്. എന്നാൽ കളക്ഷൻ രജിസ്റ്റർ, പഞ്ചായത്തിൽ തുക അടച്ച രസീത് എന്നിവ പ്രകാരം 155 രൂപയാണ് അടവാക്കിയിട്ടുള്ളത്.

2) രസീത് നം. 5987/62 ക്യാൻസൽ ചെയ്തിട്ടുള്ളതിൽ കാരണം രേഖപ്പെടുത്തുകയോ ഒപ്പ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (04/31.01.2022) മറുപടിയായി കുറവായുള്ള 90 രൂ അടവാക്കുകയും അപാകതകൾ പരിഹരിച്ച് നൽകിയിട്ടുമുണ്ട്.

രസീതുകളുടെ സൂക്ഷിപ്പിലെ അപാകതകൾ അവയുടെ ദുരുപയോഗത്തിന് കാരണമാകുമെന്നിരിക്കെ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. രസീതുകളുടേയും അവയുടെ സ്റ്റേഷനറികളുടെയും കൈകാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-13 കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്ന വിഭാഗത്തിൽപെട്ട കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 40/-രൂപയും 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്ന വിഭാഗത്തിൽപെട്ട കെട്ടിടങ്ങൾക്ക് 60/- രൂപയുമാണ് അടിസ്ഥാന വസ്തുനികുതി നിരക്കായി നിർണ്ണയിച്ചിട്ടുള്ളത്.

1) ഈരാറ്റുപേട്ട വില്ലേജിലെ റീ സർവ്വേ നം. 382/5-1 ൽ പെർമിറ്റ് നം. എ5 BA(79505) 2019 തീയതി 20.12.2018 പ്രകാരം ഭാഗികമായി നിർമ്മാണം നടന്നിട്ടുള്ള ശ്രീ. രാജൻ വി.എ, വരകുകാലായിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള 142.48 ച.മീ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള (7/304A മുതൽ 7/304 E വരെ നമ്പറുകൾ നൽകിയിട്ടുള്ള ) കെട്ടിടത്തിന് 100 ച.മീറ്ററിനു താഴെയുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 40/- രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്.

2) തലപ്പലം വില്ലേജിലെ റീ സർവ്വേ നം. 201/2 ൽ പെട്ട മദർ സുപ്പീരിയർ, സെന്റ് തോമസ് കോൺവെന്റ് എന്നയാളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പെർമിറ്റ് നം. എ5 BA(14710) 2019 തീയതി 23.05.2019 പ്രകാരം ആദ്യഘട്ട നിർമ്മാണം പൂർത്തീകരിച്ച 142.68 ച.മീ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള (4/118 A മുതൽ 4/118 E വരെ നമ്പറുകൾ നൽകിയിട്ടുള്ള ) കെട്ടിടത്തിനും തുടർന്ന് നിർമ്മാണം പൂർത്തിയാക്കിയ 107.63 ച.മീ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിനും ( 4/118 F, 4/118 G, 4/118 H ) 100 ച.മീറ്ററിനു താഴെയുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 40/- രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്.

മേൽപ്പറഞ്ഞ പ്രകാരം കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ

ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (24/03.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. 100 ച.മീ.ന് മുകളിലുള്ള കെട്ടിടങ്ങളിലെ മുറികളെ വ്യത്യസ്തമായി വസ്തു നികുതി നിർണ്ണയിക്കാതെ ഒറ്റക്കെട്ടിടമായി പരിഗണിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 റോഡ്, മേഖല എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി ഇളവുകൾ നൽകി - വർദ്ധനവ് നൽകിയില്ല.

കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ മേഖല, റോഡ് എന്നീ ഘടകങ്ങളെ അടിസ്ഥാനമാക്കി അനുവദനീയമായ ഇളവുകളും നൽകേണ്ടവർദ്ധനയും 2011 ലെ കേ.പ.രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 ൽ പ്രതിപാദിക്കുന്നുണ്ട്. താഴെപ്പറയുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ ടി ചട്ടത്തിലെ വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല.

ജില്ലയിലെ ഒരു പ്രധാന റോഡായ തൊടുപുഴ ഈരാറ്റുപേട്ട റോഡ് കടന്ന് പോവുന്ന വല്ല്യമംഗലം മുതൽ ഈലക്കയം വരെയുള്ള പ്രദേശങ്ങൾ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്നവയാണ്. എന്നാൽ, കളത്തൂക്കടവ് ടൗണിൽ ഉൾപ്പെടെ ഈ റോഡ് പ്രവേശന മാർഗ്ഗമായുള്ള കെട്ടിടങ്ങളെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നു. ഉദാഹരണത്തിന് ,ഏതാനും കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1) ശ്രീ.ബിൽബി തോമസ്, കല്ലോലിയിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ളതും 4/85 A മുതൽ 4/85 N വരെയുള്ള നമ്പറുകൾ പ്രകാരം നികുതി നിർണ്ണയിച്ചിട്ടുള്ളതുമായ കെട്ടിടങ്ങളെ ദ്വിതീയ മേഖലയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

2) ശ്രീ.എം.കെ.ശശി, മഞ്ചപ്ലാക്കൽ എന്നയാളുടെ ഉടമസ്ഥതയിലുള്ളതും 4/141 മുതൽ 4/146 വരെയുള്ള നമ്പറുകൾ പ്രകാരം കെട്ടിടങ്ങളെ ദ്വിതീയ മേഖലയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

3) ശ്രീമതി ലിസിയമ്മ തോമസ്, പെമ്പിളകുന്നേൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള4/148B 4/148 C,D,E നമ്പർ കെട്ടിടങ്ങളിൽ ആദ്യത്തെ കെട്ടിടത്തെ പ്രഥമ മേഖലയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചപ്പോൾ മറ്റ് കെട്ടിടങ്ങളെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി അനർഹമായ 10% ഇളവ് നൽകിയിട്ടുള്ളതായി കാണുന്നു.

4) കേരളത്തിലെ തന്നെ പ്രധാന വ്യവസായ സ്ഥാപനങ്ങളായ അജ്മി ഫ്ലവർമിൽ, കെ കെ ഫ്ലവർമിൽ എന്നിവയുടെ കെട്ടിടങ്ങളെയും ( 5/160 ഒഴികെ) ദ്വിതീയ മേഖലയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (23/03.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി നിർണ്ണയത്തിൽ വർദ്ധനവുകളും ഇളവുകളും നൽകുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 യഥാർഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചില്ല

ലൈസൻസുമായി ബന്ധപ്പെട്ട് കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചതിൽ യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലല്ല താഴെപ്പറയുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിട്ടുള്ളത് എന്ന് കാണുന്നു.

| രജി. ക്രമ നം | കെട്ടിട നം | സ്ഥാപന ഉടമയുടെ പേര് | നിലവിലെ ഉപയോഗ ക്രമം | നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഉപയോഗക്രമം |
|---|---|---|---|---|
| 4 | 12/126 | സിജു ഫിലിപ്പ്, നിലയ്ക്കാപ്പിള്ളിൽ | സിമന്റ് കോൺക്രീറ്റ് പ്രോഡക്ട്സ് നിർമ്മാണം , | ഇഷ്ടിക ചൂള |

| | | | | |
|---|---|---|---|---|
| | | | വില്പന | |
| 22 | /103 A | കെ.എ.ഷാജി, കല്ലേകുളത്ത് | ഹോളോബ്രിക്സ് നിർമ്മാണം | ഇഷ്ടിക ചൂള |

ശരിയായ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/02.02.2022) മേൽ കെട്ടിടങ്ങൾ മൈക്രോ & സ്മോൾ സ്കെയിൽ ഇൻഡസ്ട്രിയൽ രജിസ്ട്രേഷനോട് കൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായതിനാലാണ് ഇപ്രകാരം നികുതി നിർണ്ണയിച്ചിട്ടുള്ളതെന്ന് മറുപടി നൽകിയിട്ടുണ്ട്. മൈക്രോ & സ്മോൾ സ്കെയിൽ ഇൻഡസ്ട്രിയൽ രജിസ്ട്രേഷന്റെ രേഖകൾ ഹാജരാക്കേണ്ടതും പരിശോധന നടത്തി ശരിയായ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിക്കേണ്ടതുമാണ്.

### 1-16 വസ്തു നികുതി നിർണ്ണയിക്കപ്പെടാത്ത കെട്ടിടങ്ങൾ.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിലവിലുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൽ ലഭ്യമായിട്ടില്ല.

എ) 8 ാം വാർഡിൽ പനയ്ക്കപ്പാലം പ്ലാശനാൽ റോഡിന് സമീപം 8/377, 8/378 നമ്പർ കെട്ടിടങ്ങളുടെ സമീപത്ത് ഗോഡൗണായി ഉപയോഗിയ്ക്കുന്ന ഷീറ്റിട്ട കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ സഞ്ചയയിൽ ലഭ്യമല്ല.

ബി) കളത്തുക്കടവ് ടൗണിൽ ശ്രീ എം.പി.ഉണ്ണി, മുട്ടത്ത് എന്നയാളുടെ ഉടമസ്ഥതയിലുള്ള 3 നില കെട്ടിടത്തിന്റെ താഴത്തെ നിലയിലെ മുറികളും ഒന്നാം നിലയിലെ ഒരു മുറിയും (4/171 A മുതൽ 4/171 E വരെ) ഒഴികെയുള്ളവയുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നില്ല. മാത്രമല്ല, മുട്ടത്ത് ഫൈനാൻസിയേഴ്സ്, മുട്ടത്ത് ഫർണിച്ചർ എന്നീ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നതായി കാണുന്ന ഒന്നാം നിലയിലെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള ഒരു മുറിക്ക് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

സി) കളത്തുക്കടവ് ജംഗ്ഷനിൽ സുനിൽ ജോസഫ്, അധികാരം എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ ( 4/120 മുതൽ 4/123 വരെ) സെല്ലാർ ഭാഗത്തിന്റെയും ഒന്നാം നിലയുടെയും വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നില്ല.

മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ ലഭ്യമാണെങ്കിൽ ആയത് ഹാജരാക്കുവാനും അല്ലാത്തപക്ഷം ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കുവാനും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/02.02.2022) സ്ഥലപരിശോധന നടത്തി നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വസ്തു നികുതി പരിശോധനയിൽ വസ്തു നികുതി നിർണ്ണയിക്കാത്ത നിരവധി കെട്ടിടങ്ങൾ പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ടെന്ന് ബോദ്ധ്യമായിട്ടുണ്ട്. വാർഡ്തലത്തിൽ പരിശോധനകൾ നടത്തി എല്ലാ കെട്ടിടങ്ങളും വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-17 കേസ് തീർപ്പായിട്ടില്ല - മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. തലപ്പലം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 2 ബി എസ് എൻ എൽ മൊബൈൽ ടവറുകളുടെ 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിലെ വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് / വാതിൽ നമ്പർ | ഉടമസ്ഥന്റെ പേര് | വസ്തു നികുതി ഇനത്തിലെ കുടിശ്ശിക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | IV/27 | ബി എസ് എൻ എൽ ടവർ | 68541 |
| 2 | VIII/19 | ബി എസ് എൻ എൽ ടവർ | 37518 |

ഡിമാൻറ് നോട്ടീസ് നൽകിയിട്ടും നികുതി അടവാക്കാത്തതിനാൽ കുടിശ്ശിക നികുതി ഈടാക്കുന്നതിന് ഈരാറ്റുപേട്ട മുൻസിഫ് കോടതിയിൽ പ്രോസിക്യൂഷൻ ഫയൽ ചെയ്തിട്ടുള്ളതും ആയത് തീർപ്പാകാത്തതിനാൽ കുടിശ്ശിക ഓരോ വർഷവും തുടർന്നും നിലനിൽക്കുന്നതുമാണ്. കേസ് തീർപ്പാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 ഇളവ് പരിധിക്ക് പുറത്തുള്ള വിസ്തീർണ്ണത്തിന് വസ്തുനികുതി ഒഴിവാക്കി നൽകി

സർക്കാർ ഉത്തരവ് (കൈ) നം. 106/2017/തസ്വഭവ തീയതി. 26.05.2017 പ്രകാരം എല്ലാ വിമുക്തഭടന്മാരുടേയും അവരുടെ ഭാര്യമാരുടെയും/വിധവകളുടെയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന 2000 ച.അടി വരെ വിസ്തീർണ്ണമുള്ള വീടുകളെ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ 2000 ച.അടിയിൽ കൂടുതൽ വിസ്തീർണ്ണമുണ്ടെങ്കിൽ ആ ഭാഗത്തിന് നികുതി ബാധകമാണ്. തലപ്പലം ഗ്രാമപഞ്ചായത്തിൽ ശ്രീ. ഗോപിനാഥൻ നായർ, കൊച്ചുപുരയ്ക്കൽ-ന്റെ ഉടമസ്ഥതയിലുള്ള 221.45 ച.മീ. വിസ്തീർണ്ണമുള്ള VI/225 നമ്പർ വീടിന് 2017 ഒന്നാം അർദ്ധവർഷം മുതൽ വസ്തുനികുതി പൂർണ്ണമായി ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവ് പ്രകാരം 185 ച.മീ. വിസ്തീർണ്ണത്തിനു മാത്രമേ വസ്തു നികുതി ഒഴിവാക്കി നൽകാനാവൂ. ഇളവ് പരിധിക്ക് പുറത്തുള്ള 36.45 ച.മീ. വിസ്തീർണ്ണത്തിന് നികുതി ഒഴിവാക്കി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/02.02.2022) അപാകത തിരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ച് കുടിശ്ശിക സഹിതം നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 വസ്തുനികുതി കണക്കാക്കൽ - ഒറ്റത്തവണകെട്ടിടനികുതി - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09/07/2015 ലെ സ ഉ (എം എസ്) നം 231/15/തസ്വഭവ പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർത്ത് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975 ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്താൽ മതിയെന്ന് നിർദ്ദേശിച്ചിരുന്നു. വസ്തുനികുതി സംബന്ധിച്ച ഫയലുകളിൽ നടത്തിയ പരിശോധനയിൽ മേൽ നിർദ്ദേശം പാലിക്കുന്നതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/01.02.2022) മേലിൽ അപേക്ഷകൾക്കൊപ്പം രേഖകൾ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതുമായി ബന്ധപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവ കർശനമായി പാലിക്കേണ്ടതും ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പ്/

വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയുടെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

1-20 കരാറുകാർ, റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിലെ ജീവനക്കാർ തുടങ്ങിയവരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാർ, റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവിടങ്ങളിലെ ജീവനക്കാർ എന്നിവരിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി 2020-21 വർഷം ഈടാക്കിയിട്ടില്ല. മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 പഞ്ചായത്ത് പരിധിയിൽ വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്നു

1. കേവലം 234 സ്ഥാപനങ്ങൾ മാത്രമാണ് 2020-21 ൽ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്. സഞ്ചയ പ്രകാരം വാണിജ്യാവശ്യത്തിനും വ്യവസായാവശ്യത്തിനുമായി നികുതി നിർണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം 1219 ആണ്. ഇത് കണക്കിലെടുക്കുമ്പോൾ വളരെ കുറവ് സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസെടുക്കുന്നതായി കാണുന്നത്. വാർഡുതല ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

2.റേഷൻ കടകളെ 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ഇനം 149പ്രകാരവും കള്ളുഷാപ്പുകളെ ഇനം 139 പ്രകാരവും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ഇത്തരം സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

വാർഡ് അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് മെമ്പർമാരുടെ കൂടി സഹകരണത്തോടെ തയ്യാറാക്കുകയും പുതുതായി വരുന്ന സ്ഥാപനങ്ങളെ യഥാസമയം ലിസ്റ്റിൽ കൂട്ടിച്ചേർത്ത് സൂക്ഷിക്കുകയും ചെയ്യുന്നത് ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും തനതു വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്നതിനും സഹായകമാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-22 കോഴി ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ് , കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2012 എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും പ്രസ്തുത ലൈസൻസിലും, 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കാതെയും യാതൊരാളും 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ഒന്നാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ എണ്ണം മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്ന ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടുപോകുവാനോ പാടുള്ളതല്ല. തലപ്പലം ഗ്രാമപഞ്ചായത്ത് പരിധിയിൽ കോഴി വളർത്തൽ ഷെഡ് എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിട നമ്പറുകളിൽ 2020-21 വർഷം ലൈവ് സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | കെട്ടിടം | കെട്ടിട ഉടമയുടെ പേര് | ഉപയോഗക്രമം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | I/33 A | ബിജോ മൈക്കിൾ അടയ്ക്കാപ്പാറ | കോഴി വളർത്തൽ ഷെഡ് |
| 2 | I/39 A | തൊമ്മൻ സ്കറിയ കുറിച്ചിത്താനത്ത് | കോഴി വളർത്തൽ ഷെഡ് |
| 3 | I/237 A | ജോയി മാത്യു വെള്ളംകുന്നേൽ | ലൈവ് സ്റ്റോക്ക് ഷെഡ് |
| 4 | II/233 A,B | റോയി മാത്യു കൊണ്ടൂര് | കോഴി വളർത്തൽ ഷെഡ് |

ഇപ്രകാരം ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/02.02.2022) ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ പരിശോധന നടത്തി ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 143 പ്രകാരവും 1997-ലെ കേരള പഞ്ചായത്തിരാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരവും ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല. തലപ്പലം പഞ്ചായത്ത് പരിധിയിൽ 2020-21 വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ്, പാരാമെഡിക്കൽ രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. അൽഫോൺസാ ഹോമിയോ ക്ലിനിക്
2. കെ എൻ ജെ തിരുമ്മു ചികിത്സാലയം

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/01.02.2022) മറുപടിയായി ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ചട്ടലംഘനമായതിനാൽ ലൈസൻസ്, പാരാമെഡിക്കൽ രജിസ്ട്രേഷൻ എന്നിവ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 സാമൂഹ്യ സുരക്ഷാ പെൻഷൻ-പെൻഷണർ മരണമടഞ്ഞതിനുശേഷവും വിതരണം നടത്തിയിരിക്കുന്നു

തലപ്പലം ഗ്രാമപഞ്ചായത്തിലെ 2020-21 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ, മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷണറുടെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി | അനർഹമായ കാലയളവ് | അധികം നൽകിയ |
|---|---|---|---|---|---|---|

| | | | | | | തുക |
|---|---|---|---|---|---|---|
| 1 | അബ്ദുൾ റസാഖ് കെ എം | വാർദ്ധക്യകാല പെൻഷൻ | 105370200682 | 30.05.20 | 06/20 മുതൽ 12/21 വരെ | 28400 |
| 2 | ജനാർദ്ദനൻ | കർഷക തൊഴിലാളി പെൻഷൻ | 105370100086 | 11.06.20 | 07/20 മുതൽ 12/21 വരെ | 27100 |
| 3 | ഏലിക്കുട്ടി ദേവസ്യ | വാർദ്ധക്യകാല പെൻഷൻ | 105370200161 | 20.06.20 | 07/20 മുതൽ 12/21 വരെ | 27100 |
| 4 | സാവിത്രിയമ്മ ടി എസ് | വാർദ്ധക്യകാല പെൻഷൻ | 105370200344 | 17.07.20 | 08/20 മുതൽ 12/21 വരെ | 25800 |
| 5 | എം എം ജോസഫ് | വാർദ്ധക്യകാല പെൻഷൻ | 105370200255 | 03.08.20 | 09/20 മുതൽ 12/21 വരെ | 24500 |
| 6 | ടി ജി ചെല്ലപ്പൻ | വാർദ്ധക്യകാല പെൻഷൻ | 105370200310 | 24.09.20 | 10/20 മുതൽ 12/21 വരെ | 23100 |
| 7 | ജോസഫ് കെ എം | വാർദ്ധക്യകാല പെൻഷൻ | 105370200293 | 09.10.20 | 11/20 മുതൽ 12/21 വരെ | 21700 |
| 8 | രാജമ്മ നാരായണൻ | കർഷക തൊഴിലാളി പെൻഷൻ | 105370100091 | 11.11.20 | 12/20 മുതൽ 12/21 വരെ | 20300 |
| 9 | എ റ്റി സെബാസ്റ്റ്യൻ | വാർദ്ധക്യകാല പെൻഷൻ | 105370200081 | 28.11.20 | 12/20 മുതൽ 12/21 വരെ | 20300 |
| 10 | ഭാർഗ്ഗവി | വാർദ്ധക്യകാല പെൻഷൻ | 105370200129 | 11.12.20 | 01/21 മുതൽ 12/21 വരെ | 18900 |
| 11 | ദാമോദരൻ പി റ്റി | വാർദ്ധക്യകാല പെൻഷൻ | 105370200253 | 19.12.20 | 01/21 മുതൽ 12/21 വരെ | 18900 |
| 12 | ജാനകി സുകുമാരൻ | വാർദ്ധക്യകാല പെൻഷൻ | 105370200176 | 29.12.20 | 01/21 മുതൽ 12/21 വരെ | 18900 |
| 13 | ഗോപാലപ്പണിക്കർ | വാർദ്ധക്യകാല പെൻഷൻ | 105370200433 | 30.12.20 | 01/21 മുതൽ 12/21 വരെ | 18900 |
| 14 | രവി കെ കെ | വാർദ്ധക്യകാല പെൻഷൻ | 105370200574 | 01.01.21 | 01/21 മുതൽ 12/21 വരെ | 18900 |
| 15 | ഗോവിന്ദൻ നാരായണൻ | വാർദ്ധക്യകാല പെൻഷൻ | 105370200217 | 24.02.21 | 03/21 മുതൽ 12/21 വരെ | 15900 |
| 16 | റോസമ്മ സെബാസ്റ്റ്യൻ | വാർദ്ധക്യകാല പെൻഷൻ | 105370200082 | 30.03.21 | 04/21 മുതൽ 12/21 വരെ | 14400 |
| | | | | | ആകെ | 343100 |

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ എസ് എഫ് സി ബി 1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ ബാങ്കിലേക്കയക്കുന്നതിന്റെ സാഹചര്യം വ്യക്തമല്ല. മേൽ സൂചിപ്പിച്ചവരുടെ പെൻഷൻ സ്റ്റാറ്റസ് സേവനയിൽ 12/21 വരെ ആക്ടീവ് ആയി തുടരുകയുമാണ്. ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ തലപ്പലം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. ഇപ്രകാരം മരണം റിപ്പോർട്ട് ചെയ്തതിനുശേഷം പെൻഷൻ വിതരണം നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (20/02.02.2022) കോവിഡ് സാഹചര്യത്തിൽ മസ്റ്ററിംഗ് നടത്താത്തതിനാലാണ് പെൻഷൻ തുടർന്നും നൽകിയതെന്നും അനർഹമായി പെൻഷൻ നൽകിയിട്ടുള്ളത് സംബന്ധിച്ച് ബാങ്കിൽ കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമായിട്ടുണ്ട്. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതും അനർഹമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

1-25 സ്മാർട്ട് ക്ലാസ്സ് റൂമിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ - മാർഗ്ഗരേഖ പാലിച്ചില്ല - ഉപകരണങ്ങൾ നാളിതുവരെ പ്രവർത്തന ക്ഷമമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം, പ്രോജക്ട് | 161/21 , മേലമ്പാറ ഗവ.എൽപിഎസ് സ്മാർട്ട് ക്ലാസ്സ് റൂമിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ, ഗവ.എൽപിഎസ് പ്ലാശനാൽ |
| ചെലവ് | 2,39,900 (മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)<br>ബിൽ നം - 12/23.06.20 |

മേലമ്പാറ ഗവ.എൽ.പി.എസ് സ്മാർട്ട് ക്ലാസ്സ് റൂം സജ്ജീകരിക്കുന്നതിനായി പ്രോജക്ട് പ്രകാരം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. സ.ഉ(സാധാ)നം.3847/19/പൊതു വിദ്യാഭ്യാസവകുപ്പ് /27.09.2019 ഖണ്ഡിക 4 ൽ നിർദ്ദേശിച്ചിരിക്കുന്ന ഉപകരണങ്ങൾ മാത്രമാണ് സ്മാർട്ട് ക്ലാസ്സ് സജ്ജീകരണത്തിനായി വാങ്ങാവുന്നത്. എന്നാൽ ഉത്തരവിൽ പ്രതിപാദിക്കാത്ത ഹോം തിയേറ്റർ (5000 രൂപ) , നെക്ക് ബാൻഡ് PA സിസ്റ്റം (16200 രൂപ) എന്നിവ പ്രോജക്ടിന്റെ ഭാഗമായി വാങ്ങിയിട്ടുണ്ട്. ഉത്തരവ് പ്രകാരം പ്രോജക്ടർ / സ്ക്രീൻ / സ്പീക്കർ യൂണിറ്റിനായി ചെലവഴിക്കാവുന്ന തുക 25110 രൂപയാണ് . എന്നാൽ മൾട്ടിമീഡിയ പ്രോജക്ടറിന് മാത്രമായി 74800 രൂപ ചെലവഴിച്ചിരിക്കുന്നു. സ്മാർട്ട് ക്ലാസ് ഉപകരണങ്ങൾ 08/01/21 ന് സ്കൂളിന് കൈമാറിയെങ്കിലും നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ലെന്ന് 01/02/2022 ൽ നടത്തിയ സ്ഥലപരിശോധനയിൽ കണ്ടു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/02.02.22) സ്കൂളിൽ നിന്നുള്ള ആവശ്യം കൂടി പരിഗണിച്ചാണ് ഇപ്രകാരം വാങ്ങൽ നടത്തിയതെന്ന് ഹെഡ് മാസ്റ്റർ മറുപടി നൽകി. സർക്കാർ ഉത്തരവ് പാലിച്ചു മാത്രം സ്മാർട്ട് ക്ലാസ്സ് ഉപകരണങ്ങൾ വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്. ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതുവരെ ചെലവഴിച്ച 2,39,900/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-26 പ്രൊക്യൂർമെന്റ് മാനേജ്മെന്റ് കമ്മിറ്റി തീരുമാനങ്ങൾ -മിനിട്ട്സ് ബുക്കിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല..

എ)

| | |
|---|---|
| പ്രോജക്ട് | 106/21, അങ്കണവാടികൾക്ക് |

| | |
|---|---|
| | ഉപകരണങ്ങളും ഫർണ്ണിച്ചറുകളും വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്പർവൈസർ |
| ചെലവ് | 2,24,847 മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ബിൽ നം. | 10/25.03.21 |

വിവിധ അങ്കണവാടികളിലേയ്ക്ക് ഫർണ്ണിച്ചറും മറ്റ് ഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്ടിന് 25/09/20 ൽ ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം നാല് ടെണ്ടറുകൾ ലഭിച്ചു. ഗുണമേന്മ ഉറപ്പ് വരുത്തി കുറഞ്ഞ തുക ക്വാട്ട് ചെയ്ത 'തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ്'' എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങൽ നടത്തിയതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കൂടിയ തുക ക്വാട്ട് ചെയ്ത ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെന്ന് ഫയൽ പരിശോധനയിൽ കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനം ക്വാട്ട് ചെയ്ത തുക (രൂപ) | കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് പ്രകാരം അതേ സ്പെസിഫിക്കേഷനിലെ കുറഞ്ഞ നിരക്ക് (രൂപ) |
|---|---|---|
| സ്റ്റീൽ അലമാര | 6979 | 6899 |
| പ്ലാസ്റ്റിക്ക് കസേര (ആംലെസ്സ്) | 489 | 340 |
| ഗ്യാസ് സ്റ്റൗവ് ( ബട്ടർഫ്ലൈ) | 2849 | 2680 |
| പ്രഷർ കുക്കർ (പ്രസ്റ്റീജ്) | 1745 | 1550 |
| വാട്ടർ ടാങ്ക് | 3780 | 2100 |
| മോട്ടോർ 0.5 HP | 6199 | 3350 |
| തടിമേശ (ആഞ്ഞിലി) | 8900 | 4320 |
| തടിക്കസേര (ആഞ്ഞിലി) | 2990 | 2331 |
| ഊഞ്ഞാൽ | 1980 | 650 |
| സ്റ്റീൽ മേശ | 2589 | 2499 |

ബി)

| | |
|---|---|
| പ്രോജക്ട് | 118/21, വയോജനങ്ങൾക്ക് കട്ടിൽ |
| നിർവ്വഹണോദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്പർവൈസർ |
| ചെലവ് | 103480വികസനഫണ്ട്(പൊതു) |
| ബിൽ നം | 8/25.02.21 |

25.09.20 ലെ ടെണ്ടർ നോട്ടീസ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിലുകൾ തമ്പുരാൻ കാലായിൽ ട്രേഡ്

ലിങ്ക്സ് എന്ന സ്ഥാപനം 3490 രൂപയ്ക്കാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. എന്നാൽ 3980 രൂപ ക്വാട്ട് ചെയ്ത ഡെക്കോർ ഇറ്റാലിയൻ ഫർണ്ണിച്ചർ എന്ന സ്ഥാപനത്തിനാണ് ടെണ്ടർ നൽകിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (01/31.01.22) ഗുണമേന്മ ഉറപ്പുവരുത്തി പ്രൊക്യൂർമാനേജ്മെന്റ് കമ്മിറ്റി ഐകകണ്ഠ്യേന എടുത്ത തീരുമാനമാണെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകി. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതാണ്. എന്നാൽ പ്രൊക്യൂർമാനേജ്മെന്റ് കമ്മിറ്റി മിനിട്ട്സ് ബുക്കിൽ തീരുമാനങ്ങൾ യഥാസമയം കൃത്യമായും വിശദമായും രേഖപ്പെടുത്തുന്നില്ല. ആയതിനാൽ പ്രൊക്യൂർമെന്റ്മാനേജ്മെന്റ് കമ്മിറ്റി മിനിട്ട്സ് ബുക്ക് പൂർണ്ണമായ രേഖപ്പെടുത്തലോടെ സൂക്ഷിക്കേണ്ടതും വാങ്ങൽ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതുമാണ്.

## 1-27 വീട് വാസയോഗ്യമാക്കൽ പ്രോജക്ട് - സബ്സിഡി തുക പൂർണ്ണമായും ഗുണഭോക്താവിന് അനുവദിക്കാൻ കഴിയുന്ന വിധം പ്രോജക്ട് രൂപീകരിക്കുക

| | |
|---|---|
| പ്രോജക്ട് | 162/21(സ്പിൽ ഓവർ), വീട് വാസയോഗ്യമാക്കൽ (ജനറൽ) |
| ചെലവ് | 25000 (വികസന ഫണ്ട്(പൊതു)) |

2020-21 ൽ സ്പിൽ ഓവറായി തുടർന്ന പ്രോജക്ടിൽ പൊതുവിഭാഗം ഗുണഭോക്താവിന് രണ്ട് വർഷം കൂടി അനുവദിച്ചത് 50000 രൂപ മാത്രമാണ്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 100000/- രൂപ അനുവദിക്കാവുന്നതാണ്. സബ്സിഡി പൂർണ്ണമായും അനുവദിച്ചാൽ മാത്രമേ ഗുണഭോക്താക്കൾക്ക് പ്രയോജനപ്രദമായ രീതിയിൽ പ്രവൃത്തി നടത്താൻ കഴിയൂ. സബ്സിഡി തുക പൂർണ്ണമായും ഗുണഭോക്താവിന് അനുവദിക്കാൻ കഴിയുന്ന വിധം പ്രോജക്ട് രൂപീകരിക്കാൻ പഞ്ചായത്ത് ഭരണസമിതിയും നിർവ്വഹണോദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.

പഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതി രണ്ടാം ഘട്ട ഭവന നിർമ്മാണത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അർഹരായ ഗുണഭോക്താക്കളുടെഎണ്ണം | 51 |
| എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കളുടെഎണ്ണം | 51 |
| ഭവനനിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം | 49 |
| ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവർ | 2 (പൊതുവിഭാഗം) |

പൊതു വിഭാഗത്തിൽ ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| പേര് | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|
| മനുജകുമാരി (W/o അനീഷ് കുമാർ ), കടക്കച്ചിറ | 200000 | ബേസ്മെന്റ് വരെ പൂർത്തിയാക്കി. 19/08/20 ൽ വി.ഇ.ഓ കത്ത് നൽകി. |
| ജോസ് ദേവസ്യ | 40000 | 28/03/19 ന് അഡ്വാൻസ് കൈപ്പറ്റി. നിർമ്മാണം ആരംഭിച്ചിട്ടില്ല. |

സന്നദ്ധസംഘടനകളുടെ സഹായം തേടി ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമോയെന്ന് ഭരണസമിതി പരിശോധിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29 അഗതി രഹിത കേരളം - മരുന്ന് വിതരണം ആരംഭിച്ചിട്ടില്ല

ഗുണഭോക്താക്കൾക്കായി ഭക്ഷണ വിതരണവും, ഒരു ഗുണഭോക്താവിന് വീട് വാസയോഗ്യമാക്കലിനായി 50000 രൂപ നൽകിയതും മാത്രമാണ് 2020-21 ൽ ഗ്രാമ പഞ്ചായത്തിൽ അഗതി രഹിത കേരളം പദ്ധതി വഴി നടപ്പാക്കിയത്. രോഗികളായ അനേകം ഗുണഭോക്താക്കൾ ഉണ്ടെങ്കിലും നാളിതുവരെ മരുന്ന് വിതരണം ആരംഭിച്ചിട്ടില്ല. മരുന്ന് വിതരണം ആരംഭിക്കാനായി അടിയന്തിര നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

ആശ്രയ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുക

എസ് ബി ഐ പ്ലാശനാലുള്ള ആശ്രയ ഒന്നും രണ്ടും ഘട്ട അക്കൗണ്ടുകളിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക അഗതി രഹിത കേരളം അക്കൗണ്ടിലേയ്ക്ക് മാറ്റിയെങ്കിലും (കേരളാ ഗ്രാമീൺ ബാങ്ക് അക്കൗണ്ട് നം -40744101008522) അക്കൗണ്ട് ക്ലോസ് ചെയ്യാത്തതിനാൽ 8939 രൂപ പലിശ വരവ് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ആശ്രയ പദ്ധതികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ അക്കൗണ്ടുകൾ ക്ലോസ് ചെയ്യാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-30 പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം-പിഴ ഈടാക്കിയില്ല.

ചുവടെ ചേർക്കുന്ന പ്രവൃത്തികൾ സമയക്രമമനുസരിച്ച പൂർത്തിയാക്കുന്നതിൽ കരാറുകാർ വീഴ്ചവരുത്തുകയും പൂർത്തീകരണ കാലം ദീർഘിപ്പിക്കുന്നതിന് നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുമില്ല.നിർവഹണ ഉദ്യോഗസ്ഥനായ അസി.എൻജിനീയർ സമയക്രമം പാലിച്ച് പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്തിരിക്കുന്നു.

| പ്രോജക്റ്റ് | കരാറുകാരൻ | കരാർ തീയതി/ കരാർ തുക | പ്രവൃത്തി പൂർത്തീകരിക്കേണ്ട സമയം | പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 153/21, ചിറയത്ത്പടി-പുത്തുക്കുന്ന് റോഡ് കോൺക്രീറ്റിംഗ് | സജി.എം.എം മാടപ്പള്ളിക്കുന്നേൽ | 26-12-2019, 211979. | 25-03-2020 | 25-06-2020 | 2119. |
| 155/21, കീഴമ്പാറ -ചൂണ്ടച്ചേരി റോഡിൽ ഓട നിർമ്മാണം | ടി.എ.സുലൈമാൻ തെക്കേമുരഞ്ഞൂർ | 24-12-2019, 161984 | 23-03-2020 | 30-05-20 | 1619 |

പിഴ ഈടാക്കാതെ കരാറുകാർക്ക് തുക നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നം.5 നല്കിയതിന് പിഴ ഈടാക്കി രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി നല്കി. പിഴ ഈടാക്കി രസീത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-31 പട്ടികജാതി വനിതകൾക്കായുള്ള ഉല്പന്ന വിപണന കേന്ദ്രം നവീകരണം-പ്രവൃത്തിയുടെ ഗുണഫലം പട്ടികജാതി വനിതകൾക്ക് ഇനിയും ലഭ്യമായില്ല.

ഗ്രാമപഞ്ചായത്തിന്റെ 56/21 നമ്പരായി നടപ്പാക്കിയ പ്രോജക്റ്റ് പ്രകാരം വികസനഫണ്ട് (എസ്.സി.പി )151609/- രൂപ വിനിയോഗിച്ച് പനയ്ക്കപ്പാലത്ത് നിലവിലുള്ള എസ്.സി വനിത ഉല്പന്ന വിപണന

കേന്ദ്രത്തിന്റെ രണ്ടാം നില വിവിധ സ്വയം തൊഴിൽ ഗ്രൂപ്പുകൾക്ക് നല്കുന്നതിനായി മുറികളാക്കി തിരിച്ച് അലുമിനിയം ഫാബ്രിക്കേഷൻ പ്രവൃത്തികൾ നടത്തുകയാണ് ചെയ്തിട്ടുള്ളത്.നാളിതുവരെ മുറികൾ ഒരു ഗ്രൂപ്പുകൾക്കും നല്കിയിട്ടില്ല.മാത്രമല്ല എസ്.സി.പി ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ച കെട്ടിടം അതിന്റെ പേര് അന്വർഥമാക്കുംവിധം എസ്.സി.വിഭാഗം വനിതകളുടെ സ്വയം തൊഴിൽപരമായ യാതൊരു കാര്യത്തിനും നാളിതുവരെ പ്രയോജനപ്പെടുകയുണ്ടായിട്ടുമില്ല.നിലവിൽ സെല്ലാർ ഉൾപ്പെടെ 3 നിലകളിലായുള്ള കെട്ടിടത്തിന്റെ സെല്ലാർഭാഗം 85ാം നമ്പർ അങ്കണവാടിക്കായും,ഒന്നാമത്തെനില ഗ്രാമപഞ്ചായത്തിന്റെ ഇക്കോഷോപ്പിനായും വിട്ടു നല്കിയിരിക്കുകയാണ്. മുകൾ നിലയാണ് സ്വയം തൊഴിൽ ഗ്രൂപ്പുകൾക്കായി നല്കുന്നതിന് അലുമിനിയം ഫാബ്രിക്കേഷനിലൂടെ മുറികളായി തിരിച്ചിട്ടുള്ളത്. എന്നാൽ തൊട്ടടുത്ത പുരയിടത്തിൽ നിന്ന് വള്ളിപ്പടർപ്പുകളുൾപ്പെടെ വളർന്ന് ഇപ്പോൾ മുറികളായി തിരിച്ചിട്ടുള്ള കെട്ടിടഭാഗത്തിനുള്ളിലേക്ക് കയറി ഉപേക്ഷിക്കപ്പെട്ട നിലയിലാണ് കാണപ്പെടുന്നത്.

കൂടാതെ സെല്ലാർ ഭാഗം വർഷാവർഷം ഉണ്ടാകുന്ന വെള്ളപ്പൊക്കത്തിൽ മുങ്ങാറുള്ളതായും ശേഷിപ്പുകളിൽ നിന്നും കാണാൻ കഴിയുന്നു. അങ്കണവാടി ഇക്കാരണത്താൽ തന്നെ മഴക്കാലത്ത് ഇവിടെ പ്രവർത്തിപ്പിക്കാനാവില്ല. നന്നായി പ്രവർത്തിച്ചുവരുന്നതായി കാണപ്പെട്ട അങ്കണവാടിക്കായി സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുകയും, എസ്.സി വിഭാഗം ഫണ്ടുപയോഗിച്ച് നിർമ്മിച്ചകെട്ടിടം പ്രസ്തുത വിഭാഗങ്ങളിലെ സ്ത്രീകളുടെ ഉന്നമനത്തിനുപകരിക്കുംവിധം സ്വയം തൊഴിൽ സംരംഭങ്ങളുൾപ്പെടെ മെച്ചപ്പെട്ട പ്രോജക്ടുകൾ കണ്ടെത്തി നടപ്പിലാക്കുന്നതിനും കൂടി ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ഭരണസമിതി ഇക്കാര്യത്തിൽ വേണ്ട സത്വര നടപടികൾ കൈക്കൊള്ളേണ്ടതും കെട്ടിടം നാശോന്മുഖമാകാതെ സംരക്ഷിക്കേണ്ടതുമാണ്.

## 1-32 എസ്റ്റിമേറ്റ്,കരാർ എന്നിവ പ്രകാരം പൂർത്തീകരിക്കാത്ത പ്രവൃത്തി പാർട്ട് ബിൽ നല്കി അവസാനിപ്പിച്ചു.

കീഴമ്പാറ-ചൂണ്ടശ്ശേരി റോഡ് റീടാറിംഗിനായി മെയിന്റനൻസ് ഗ്രാന്റ് റോഡ് തുക 205000/രൂപ അടങ്കലിൽ പ്രോജക്ട് (86/21) തയാറാക്കുകയും പോട്ട് ഹോൾ ഫില്ലിംഗ്,ടാക് കോട്ട്,20 Mm കാർപ്പെറ്റ്(പ്ലാസ്റ്റിക് റോഡ്)സീൽ കോട്ട് തുടങ്ങിയ ഇനങ്ങൾ ഉൾപ്പെടുത്തി 182 മീറ്റർ നീളത്തിൽ 3.5 മീറ്റർ വീതിയിൽ റീടാർ ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയാറാക്കി ടെന്റർ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത ഷാഹുൽ ഹമീദ്,ചോച്ചപറമ്പിൽ എന്നയാൾക്ക് പ്രവൃത്തി കരാർ നല്കുകയുണ്ടായി .ടി യാൾ 19-09-20 ൽ കരാർ വച്ച് സൈറ്റ് ഏറ്റെടുക്കുകയും ചെയ്തു.പ്രവൃത്തി പൂർത്തീകരണ കാലാവധി 6 മാസമായിരുന്നു.

പ്രവൃത്തിയുടെ എം.ബുക്ക്,ഫയൽ എന്നിവപ്രകാരം അളവുപരിശോധിച്ച 05-03-21 ൽ ചെയ്ത പ്രവൃത്തിയുടെ ചുവടെ ചേർക്കും പ്രകാരമുള്ള അളവുകൾ രേഖപ്പെടുത്തി പാർട്ട് ബിൽ ആയി 45543/ കരാറുകാരന് നല്കുകയും ചെയ്തു.

| ചെയ്യേണ്ട പ്രവൃത്തി | എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ടിയിരുന്ന അളവ് | അളവ് പുസ്തക പ്രകാരം ചെയ്തത് | ബാക്കി ചെയ്യേണ്ടിയിരുന്നത് |
|---|---|---|---|
| പെനിട്രേഷൻ മക്കാഡം 75 Mm | 127.300 ചതുരശ്രമീറ്റർ | 23.49ചതുരശ്രമീറ്റർ | 103.81 ചതുരശ്രമീറ്റർ |
| ടാക്ക് കോട്ട് | 637 ചതുരശ്രമീറ്റർ | 149.460 ചതുരശ്രമീറ്റർ | 487.54ചതുരശ്രമീറ്റർ |
| 20mm കാർപ്പെറ്റ്(പ്ലാസ്റ്റിക് റോഡ്) | 637 ചതുരശ്രമീറ്റർ | 149.460 ചതുരശ്രമീറ്റർ | 487.54ചതുരശ്രമീറ്റർ |

| | | | |
|---|---|---|---|
| സീൽ കോട്ട് | 637 ചതുരശ്രമീറ്റർ | 149.460 ചതുരശ്രമീറ്റർ | 487.54ചതുരശ്രമീറ്റർ |

കരാർ, എസ്റ്റിമേറ്റ് എന്നിവ പ്രകാരം ചെയ്യേണ്ടിയിരുന്നതിലും വളരെ കുറഞ്ഞ അളവിൽ പ്രവൃത്തി ചെയ്യുകയും 05-03-21ൽ ചെയ്ത പ്രവൃത്തി അളവെടുത്ത് പാർട്ട് ബിൽ നല്കിയതിലും അസ്വാഭാവികത നിലനിൽക്കുന്നു. മാത്രമല്ല പ്രവൃത്തി തുടർന്ന് നടത്തിയിട്ടുമില്ല. 205000/- രൂപയുടെ പ്രവൃത്തിയിൽ 40663/- രൂപ മൂല്യത്തിന്റെ പ്രവൃത്തി മാത്രം നടത്തിയിരിക്കുന്നു. (എം.ബുക്ക് 10/20-21). തക്കതായ കാരണങ്ങളില്ലാതെ പ്രവൃത്തി പൂർത്തിയാക്കാത്തതും അളവെടുത്ത് കരാറുകാരന് തുക നല്കിയതും നിർവഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. കൂടാതെ ഇപ്രകാരം അനുവദിച്ചതിലൂടെ പഞ്ചായത്തിന് മെയിന്റനൻസ് ഗ്രാന്റിനത്തിൽ ഈ പ്രവൃത്തിയിൽ മാത്രം 150000/ ത്തിലധികം രൂപ നഷ്ടപ്പെടുകയും ചെയ്തു.

ഇതുസംബന്ധിച്ച് നല്കിയ 6൦ം നം.ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പാർട്ട് ബില്ലായിട്ടാണ് തുക നല്കിയതെന്നും പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കരാറുകാരന് അസൗകര്യം നേരിട്ടതിനാൽ ചെയ്ത പണിയുടെ അളവ് രേഖപ്പെടുത്തി റിട്ടൻഷൻ തുക പിടിച്ചാണ് പാർട്ട് ബിൽമാറിയതെന്നും അറിയിച്ചു.കൂടാതെ പ്രവൃത്തി സ്പിൽ ഓവറായി അംഗീകാരം നേടിയിട്ടുണ്ടെന്നും അറിയിച്ചു.നിലവിൽ പ്രവൃത്തി നടപ്പായിട്ടില്ല.പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിന് കരാറുകാരനിൽ നിന്ന് പിഴയുൾപ്പെടെ ഈടാക്കി അടിയന്തിരമായി പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രോജക്ടിന്റെ ലക്ഷ്യപ്രാപ്തി ഉറപ്പാക്കേണ്ടതാണ്.ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തേണ്ടതാണ്.

1-33 ഗുണഭോക്തൃസമിതി നടപ്പാക്കിയ പ്രവൃത്തി -അളവ് പുസ്തകം,അനുബന്ധരേഖകൾ ഇല്ല.

പ്രോ.നം.45/21,പി.എച്ച്.സി,ഫീഡിംഗ് റൂം,ഹാൾ നിർമ്മാണം പൂർത്തീകരണം എന്ന പ്രോജക്ട് മെയിന്റനൻസ് ഗ്രാന്റ് റോഡിതരം 239567/രൂപ ചെലവഴിച്ച് ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയിട്ടുണ്ട്.ബേബി ആന്റണി,മച്ചിയാനിക്കൽ കൺവീനറും,ഡാന്റി ജോസഫ് ,പൂവത്തുങ്കൽ ചെയർമാനും ആയ ഗുണഭോക്തൃസമിതിയാണ് പ്രവൃത്തി നിർവഹിച്ചത്.ട്രഷറിബിൽനം.61/20-21 /18-03-2021 പ്രകാരം 239567/രൂപ മാറുകയും ഇൻകം ടാക്സ്4791/,നിർമാണതൊഴിലാളി ക്ഷേമനിധി 2483/,നിർമാണതൊഴിലാളി ക്ഷേമനിധി കളക്ഷൻ ചാർജ് 24/വീതം കറവ് ചെയ്ത് 232269/രൂപ ഗുണഭോക്തൃസമിതി കൺവീനറുടെ(ബേബി ആന്റണി)അക്കൗണ്ടിലേക്ക് നല്കുകയും ചെയ്തു. (അക്കൗണ്ട്നം.837007100000091,FDRL01MEUCB)

എന്നാൽ പ്രവൃത്തിയുടെ എം.ബുക്ക്,ഗുണഭോക്തൃസമിതി ഹാജരാക്കിയ ബില്ലുകൾ,മസ്റ്റർ റോളുകൾ തുടങ്ങിയ അവശ്യരേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.ഗുണഭോക്തൃസമിതിയുടെ മിനിറ്റ്സ് ബുക്കിൽ കൺവീനർ,ചെയർമാൻ എന്നിവരെ തെരഞ്ഞെടുത്തതിന്റെയും നടപടിക്രമങ്ങൾ പാലിച്ച് പണികൾ ആരംഭിക്കാൻ ചുമതലപ്പെടുത്തിയതിന്റെയും വിവരങ്ങൾ മാത്രമാണുള്ളത്.ഗുണഭോക്തൃസമിതി കണക്കുകൾ പാസാക്കിയിട്ടില്ല.കൺവീനറുടെയും ചെയർമാന്റെയും പേരിൽ ആരംഭിച്ച ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഇല്ല.

ഗുണഭോക്തൃസമിതിക്ക് 7.5% ഹെഡ് ചാർജ്ജുൾപ്പെടെയുള്ള തുകയാണോ അനുവദിച്ചതെന്ന് രേഖകളുടെ അഭാവത്തിൽ ഉറപ്പാക്കാനാവുന്നില്ല.ഗുണഭോക്തൃസമിതി നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ആദായനികുതി,നിർമ്മാണതൊഴിലാളി ക്ഷേമനിധി ഉൾപ്പെടെ 3% തുക മാത്രം ഒടുക്കേണ്ടി വരുന്നതിനാൽ നികുതിവിഹിതം ഉൾപ്പെടെ ഇനങ്ങൾക്കായി അനുവദിക്കുന്ന 7.5% ശതമാനം ഓവർഹെഡ് ചാർജിൽ 4.5% അധികമാണ്.ആയതിനാൽ 4.5% തുക കിഴിവ് വരുത്തി ഗുണഭോക്തൃസമിതിക്ക് അനുവദിക്കേണ്ടതും കിഴിവ് വരുത്തുന്ന തുക അതാത് ഫണ്ടിലേക്ക് സർക്കാരിലേക്ക് അടയ്ക്കേണ്ടതുമാണ്.ഇപ്രകാരം കിഴിവ് വരുത്തിയിട്ടുണ്ടോയെന്ന് ഉറപ്പാക്കാനാവുന്നില്ല.

എം.ബുക്ക് ,ഗുണഭോക്തൃസമിതിയുടെ പാസ് ബുക്ക്,ബില്ലുകൾ,മസ്റ്റർ റോളുകളുൾപ്പെടെയുള്ള ചെലവ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രോജക്ടിനായുള്ള ചെലവ്

239567/തടസ്സപ്പെടുത്തുന്നു.രേഖകൾ അടിയന്തിരമായി ലഭ്യമാക്കുന്നില്ലയെങ്കിൽ പ്രസ്തുത രേഖകൾ ഇല്ലായെന്ന് കണക്കാക്കി അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഫയലിൽ സൂക്ഷിച്ചിരുന്ന പ്രസ്തുത രേഖകൾ കോപ്പി എടുക്കുന്നതിനുവേണ്ടി മാറ്റിയതായും മിസ് പ്ലേസ് ആയിരിക്കുന്ന പ്രസ്തുത രേഖകൾ ഉടൻതന്നെ കണ്ടെത്തി പരിശോധനയ്ക്ക് ഹാജരാക്കാമെന്നും അറിയിച്ചു.

## 1-34 ഗുണഭോക്തൃസമിതി നടപ്പിലാക്കുന്ന പ്രവൃത്തികൾ - സർക്കാർ മാർഗരേഖകൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃസമിതി നടപ്പിലാക്കിയ 50000 രൂപയിലധികം എസ്റ്റിമേറ്റ് തുകയുള്ള പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ,പേര് | എസ്റ്റിമേറ്റ് തുക | ചെലവ് |
|---|---|---|
| 81/21,ഈറ്റക്കാട് അങ്കണവാടി മെയിന്റനൻസ് | 470000 | 469232 |
| 45/21,പി.എച്ച്.സി ഫീഡിംഗ്റൂം,ഹാൾ നിർമാണം | 250856 | 239567 |
| 158/21,ചിറ്റാനപ്പാറ അങ്കണവാടി പുനരുദ്ധാരണം | 340000 | 336215 |

വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗരേഖ സർക്കാർ ഉത്തരവ് നം.11/2018/തസ്വഭവ, തീയതി 29/01/2018 ഖണ്ഡിക 11.2 എ,ബി എന്നിവ പ്രകാരം 50000 രൂപ വരെയും അതിന് താഴെയും എസ്റ്റിമേറ്റ് തുകയുള്ള പ്രവൃത്തികൾമാത്രം ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കാവുന്നതാണ്.ഇത്തരത്തിലുള്ള ഒരു പ്രവൃത്തിക്ക് ഇ-ടെന്റർ,ടെന്റർ രീതി അവലംബിക്കണമെന്നുണ്ടെങ്കിൽ തദ്ദേശസ്ഥാപനത്തിന് അപ്രകാരം ചെയ്യാവുന്നതാണ്.കൂടാതെ സ്വന്തം നിലയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ വേണ്ട സാമ്പത്തിക,സാങ്കേതിക സംഘടനാശേഷിയും സന്നദ്ധതയുമുള്ള അദ്ധ്യാപക രക്ഷകർതൃ സമിതികളെയും അങ്കണവാടി ക്ഷേമസമിതികളെയും ബന്ധപ്പെട്ട സ്കൂളിന്റെ/അങ്കണവാടിയുടെ നിർമാണ പ്രവൃത്തികൾ ടെന്റർ കൂടാതെ ഗുണഭോക്തൃസമിതിക്ക് ബാധകമായ നിബന്ധനകൾ പ്രകാരം അടങ്കൽ തുകയുടെ പരിധി 25ലക്ഷം രൂപവരെയുള്ള പ്രവൃത്തികൾ ഏല്പിക്കാവുന്നതാണ്.

എന്നാൽ ഇപ്രകാരമുള്ള സാമ്പത്തിക,സാങ്കേതിക സംഘടനാശേഷിയുള്ള അദ്ധ്യാപക രക്ഷകർതൃ സമിതിയോ, അങ്കണവാടി ക്ഷേമസമിതിയോ അല്ല ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃസമിതിമുഖേന നടത്തിയ പ്രവൃത്തി ചെയ്തത് എന്ന് കാണുന്നു.ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾ സർക്കാർ നിർദ്ദേശം പാലിച്ച് നടപ്പാക്കുന്നു എന്ന് നിർവഹണഉദ്യോഗസ്ഥനും ഭരണസമിതിയും ഉറപ്പാക്കേണ്ടതാണ്.

## 1-35 ഓവർഹെഡ് ചാർജിനത്തിൽ ഗുണഭോക്തൃസമിതിക്ക് അധികം നല്കിയ തുക ഈടാക്കി പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിക്കുന്നത്.

ഗുണഭോക്തൃസമിതി മുഖാന്തിരം നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ ഇനങ്ങളിൽ ഓവർഹെഡ്ചാർജ്ജുൾപ്പെടെ അധികനിരക്ക് അനുവദിക്കുകയുണ്ടായി.എന്നാൽ പ്രവൃത്തിയുടെ ബിൽ നല്കിയ വേളയിൽ അധിക നിരക്കായി ഉൾപ്പെടുത്തിയ4.5%(ആകെ നല്കിയ ഓവർഹെഡ് ചാർജ്7.5%)കുറവ് വരുത്തി പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| പ്രവൃത്തിയുടെ പേര് | ഗുണഭോക്തൃസമിതി കൺവീനർ | 7.5% ഓവർഹെഡ് ചാർജ്ജുൾപ്പെടെ പ്രവൃത്തിമൂല്യം | കുറവ് വരുത്തിയതുക (പഞ്ചായത്ത് അക്കൗണ്ടിൽ) | ബില്ലിന്റെ വിവരം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | (4.5%) | |
| 81/21,ഈറ്റക്കാട് അങ്കണവാടി നവീകരണം | ജോസഫ് മാത്യൂ വാഴാംപ്ലാക്കൽ | 469232 | 21115 (മെയിന്റനൻസ് ഗ്രാന്റ് ) | ട്രഷറിബിൽ27/23-10-20 തുക-469232 |
| 158/21, ചിറ്റാനപ്പാറ അങ്കണവാടി നവീകരണം | എം.എ. ജോസഫ്, മച്ചിയാനിക്കൽ | 336215 | 15130 (മെയിന്റനൻസ് ഗ്രാന്റ് ) | ട്രഷറിബിൽ 32/04-11-20 തുക-275000 ട്രഷറിബിൽ 41/11-11-20 തുക-61215 |
| | | | 36245 | |

മേൽ ചേർത്തപ്രകാരമുള്ള തുകകൾ കിഴിച്ച് ബിൽ പ്രകാരം സർക്കാർഫണ്ട് പിൻ വലിക്കുന്നതിന് പകരം മുഴുവൻതുകയും പിൻവലിച്ച് പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് അനുവദനീയമല്ല.തുക സർക്കാരിലേക്ക് അടച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-36 ചെയ്യാത്ത ഇനം പ്രവൃത്തിക്ക് തുക അനുവദിച്ചത്-അംഗീകരിക്കുന്നില്ല.

പ്രോ.നം.143/21,തൃക്കാരിയൂർ കോളനി പൊതുകിണർ മെയിന്റനൻസ് എന്ന പ്രവൃത്തിയുടെ ഇനം 6 എസ്റ്റിമേറ്റ്, അളവ് പുസ്തകം എന്നിവ പ്രകാരം ഗുണമേന്മയുള്ള പ്ലാസ്റ്റിക് കോട്ടിംഗുള്ള വല ഉപയോഗിച്ച് കിണറിന് നിർമ്മിച്ച മൂടി കവർ ചെയ്യുക(providing Good Quality Plastic Coated Net For Covering) എന്നതാണ്. അളവ് പുസ്തകം 74/19-20, പേജ് 6 പ്രകാരം 24.492 ചതുരശ്ര മീറ്റർ വലയുടെ വില 3167/- രൂപ കൂടി ഉൾപ്പെടുത്തി കരാറുകാരനായ സജി.എം.എം ന് ബിൽനം.19/20-21/21-05-20 പ്രകാരം 117607/രൂപ നല്കി.

01-02-2022 ൽ പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ മേൽ പരാമർശിച്ച ഇനം ചെയ്തിട്ടില്ല എന്ന് കാണപ്പെട്ടു. ഇപ്രകാരം നടപ്പാക്കാത്ത പ്രവൃത്തി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാരന് തുക നല്കിയത് തെറ്റായ നടപടിയാണ്. ചെയ്തിട്ടില്ലാത്ത ഇനത്തിന് അനുവദിച്ച തുക നിരാകരിക്കുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.13നുള്ള മറുപടിയിൽ കരാറുകാരനിൽ നിന്ന് തുകയീടാക്കി രേഖകൾ ഹാജരാക്കുമെന്ന് അറിയിച്ചു. തുക ഈടാക്കുന്നതുവരെ 1,17,607/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-37 ബാരൽ വില ഈടാക്കിയില്ല.

പ്രോ.നം.67/21,പ്ലാശനാൽ ചാമപ്പാറ അമ്പാറ റോഡ് റീടാറിംഗ് പ്രവർത്തിക്ക് മെയിന്റനൻസ് ഗ്രാന്റ് റോഡ് 462217/രൂപ ചെലവഴിക്കുകയുണ്ടായി.ക്വാറി മക്ക് ഫില്ലിംഗ്,WMM,പോട്ട് ഹോൾ ഫില്ലിംഗ്,20MMകാർപെറ്റ്,ടാക്ക് കോട്ട്, സീൽകോട്ട് മുതലായ ഇനങ്ങളാണ് പ്രവൃത്തിയിൽ ഉൾപ്പെട്ടിരുന്നത്.

കുറഞ്ഞ നിരക്ക് നല്കിയ സജി.എം.എം,മടപ്പള്ളിക്കുന്നേൽ 13-08-20 ൽ എസ്റ്റിമേറ്റ് നിരക്കിൽ നിന്ന് 5.6% കുറച്ച് കരാർ വച്ച് പ്രവൃത്തി ആരംഭിച്ച് 12-03-21 ൽ പൂർത്തീകരിച്ച് 26-03-21ലെ 66ാം നം.ട്രഷറിബിൽ പ്രകാരം തുക മാറുകയും ചെയ്തു.

ബിൽ പ്രകാരമുള്ള കിഴിവുകളിൽ ബാരൽ വില ഉൾപ്പെടുത്തിയിട്ടില്ല .പ്രവൃത്തിക്ക് 15 ബാരൽ ടാർ ഉപയോഗിച്ചതായി എം.ബുക്കിൽ നിന്ന് വ്യക്തമാകുന്നു.ബാരൽ വില ഈടാക്കാത്തതുസംബന്ധിച്ച 8ാം നം.ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കരാറുകാരനിൽ നിന്ന് തുക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്.ബാരലിന് 238 രൂപയും 18%ജി.എസ്.ടിയുമുൾപ്പെടെ 4213

രൂപ ഈടാക്കി സർക്കാരിലേക്ക് അടച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

1-38 തെങ്ങിന് ഡോളമൈറ്റും ജൈവവളവും വിതരണം - വികസന ഫണ്ട് അടങ്കൽ തുകയിലും അധികം ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം | 18/21 |
| നിർവ്വഹണം | കൃഷി ഓഫീസർ |
| ചെലവ് | 112500 (വികസന ഫണ്ട് (പൊതു))<br>33450 (ഗുണ.വിഹിതം)<br>ആകെ - 145950 |
| ബിൽ നം | 05/10.03.21 |

പ്രോജക്ട് മുഖേന തെങ്ങിന് ഡോളമൈറ്റും ജൈവവളവും വിതരണം ചെയ്തു. വിഎഫ് പിസികെ യുടെ KBKEKM20-21/1839/17-02-21 ഇൻവോയ്സ് പ്രകാരം 3050 കിലോഗ്രാം ജൈവവളത്തിനും , 3000 കിലോഗ്രാം ഡോളമൈറ്റിനും ആകെ ചെലവ് 136850 രൂപയായിരുന്നു. 75% സബ്സിഡിയിൽ 1,02,638 രൂപയാണ് വികസനഫണ്ട് ചെലവഴിക്കേണ്ടിയിരുന്നത് . എന്നാൽ ആകെ ചെലവ് 145950 രൂപയെന്ന് കണക്കാക്കി ആയതിന്റെ 75% ൽ അധികം (112500 രൂപ ) വികസനഫണ്ട് ചെലവഴിച്ചു. ഇപ്രകാരം അധികം ചെലവഴിച്ച വികസന ഫണ്ട് 9862 രൂപ (112500 -102638 ) തിരികെ അടവാക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ( നം. 9/01.02.22) യ്ക്ക് മറുപടി നൽകി. തുക തിരികെ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. വികസനഫണ്ടിൽ നിന്നും കൂടുതൽ ചെലവഴിച്ച 9862/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-39 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-ഒരവലോകനം

പ്ലാശനാൽ സെന്റ് മേരീസ് പള്ളിയുടെ പാരിഷ് ഹാളിൽ 30 കിടക്കകൾ ക്രമീകരിച്ച് കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ (CFLTC) സജ്ജമാക്കിയിരുന്നുവെങ്കിലും ആരോഗ്യവകുപ്പിന്റെ അനുമതി ലഭിക്കാതിരുന്നതിനാൽ പ്രവർത്തനം ആരംഭിച്ചിരുന്നില്ല. തുടർന്ന് 17/05/2021 ൽ പ്ലാശനാൽ ഗവ.എൽ.പി.സ്കൂളിൽ 25 കിടക്കകളുള്ള ഡൊമിസിലിയറി കെയർ സെന്റർ പ്രവർത്തനം ആരംഭിച്ചു. ഓക്സിജൻ കോൺസെൻട്രേറ്റർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നതായി അറിയിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനം- കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ സ്ഥാപിക്കലും പരിപാലനവും (പ്രോജക്ട് നം 200/20-21) പ്രകാരം ₹ 146976/- ചെലവഴിച്ചിട്ടുണ്ട്. സെന്ററിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനാണ് പ്രധാനമായും തുക ചെലവഴിച്ചിട്ടുള്ളത്. കട്ടിൽ, ബെഡ്, തലയണ, ബക്കറ്റ്, ബെഡ്ഷീറ്റ്, പാത്രങ്ങൾ എന്നിവ കൂടാതെ നാല് താത്കാലിക കുളിമുറികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, തെർമ്മൽ സ്കാനർ, ഓട്ടോമാറ്റിക് സാനിറൈസിംഗ് മഷീനുകൾ തുടങ്ങിയവയും വാങ്ങിയിട്ടുണ്ട്. ഇത് കൂടാതെ, താത്കാലിക ജീവനക്കാർ/തൊഴിലാളികൾ എന്നിവരുടെ വേതനം തുടങ്ങിയ കോവിഡ് അനുബന്ധ പ്രവർത്തനങ്ങൾക്കായി 463086/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ, വാട്ടർ പ്യൂരിഫയർ, ഓക്സിജൻ കോൺസെൻട്രേറ്റർ, ബെഡ്( 3) എന്നിവ സംഭാവനയായും ലഭിച്ചിട്ടുണ്ട്.

സ.ഉ(സാധാ) നം.1364/2020/ 16.07.2020 പ്രകാരം സംഭാവനയായി ലഭിച്ച സാധനങ്ങളുടെ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ, വരവ് ചെലവ് കണക്കുകൾ എന്നിവക്ക് പ്രത്യകം പ്രത്യകം രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഒരു രജിസ്റ്ററിലാണ് ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ചേർത്തിട്ടുള്ളത്. കൂടാതെ, ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമ പഞ്ചായത്ത് ബോധവത്കരണ പരിപാടികൾ (നോട്ടീസ് വിതരണം, മൈക്ക് അനൗൺസ്മെന്റ് ) , ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിയതായി കാണുന്നു. സാമൂഹിക അടുക്കള 26/03/2020 മുതൽ പ്രവർത്തനം ആരംഭിച്ചിരുന്നു.

ഓക്സിജൻ കോൺസെൻട്രേറ്റർ മറ്റ് മെഡിക്കൽ ഉപകരണങ്ങൾ എന്നിവ മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ.ഉ(സാധാ) നം.1364/2020/ 16.07.2020 അനുശാസിക്കും പ്രകാരം രജിസ്റ്ററുകളും അനുബന്ധ രേഖകളും സൂക്ഷിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2020-21 | 30.06.2021 | 31.01.2022 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | 25.09.2020 | 160000 | 26/20-21, ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 160000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | 29.03.2021 | 100000 | 32/20-21, പാലിയേറ്റീവ് പരിചരണം | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | 28.09.2020 | 100000 | 51/20-21, ലൈഫ് മിഷൻ വിഹിതം (ജനറൽ) | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | 29.03.2021 | 69000 | 99/20-21, ക്ഷീര കർഷകർക്ക് പാലിന് സബ് സിഡി | 69000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | 22.03.2021 | 100000 | 205/20-21, സുഭിക്ഷ കേരളം - സ്ഥിരം കൃഷിക്ക് കൂലിച്ചെലവ് - സബ്സിഡി | 100000 | 0 |
| | ആകെ | 529000 | | 529000 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 06.03.2021 | 160000 | 26/20-21, ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 160000 | 0 |
| | ആകെ | 160000 | | 160000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഭരണങ്ങാനം | 127/20-21, പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 02/20-21 12.05.2020 | 97114 | 0 | 97114 |
| ഭൂജല വകുപ്പ്, കോട്ടയം | 112/20-21, പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ കുഴൽക്കിണർ സ്ഥാപിക്കൽ | 42/20-21 17.03.2021 | 356000 | 0 | 356000 |
| ഭൂജല വകുപ്പ്, കോട്ടയം | 134/20-21 3-ാം വാർഡിൽ വിവിധ സ്ഥലങ്ങളിൽ കുഴൽകിണർ നിർമ്മാണം | 1/20-21 12.05.2020 | 50000 | 0 | 50000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 800000/- രൂപ വരവുണ്ട്. തൻ വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി ഒ(എം.എസ്) 68/2018,18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 800000 | 8764335 | 907373 | - | 8656962 |

. ലോൺ തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 2020-21 വാർഷിക ധനകാര്യ പത്രികയിൽ പലിശ തുക ചേർത്തിട്ടില്ല.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 60181 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ | 1571 |
| ആകെ | 61752 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 61752 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| തലപ്പലം സർവീസ് സഹകരണ ബാങ്ക്, പ്ലാശ്ശനാൽ ശാഖ<br>അക്കൗണ്ട് നം. 0120000015973 | 61752 |
| ആകെ | 61752 |

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

തലപ്പലം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ്/സർചാർജ് നടപടികൾ വഴി ഈടാക്കിയ തുകയുടെ വിവരം

ചാർജ്-സർചാർജ് നടപടികളിലൂടെ തുകകൾ ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | : | 52247616.72 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 40306143.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 367369.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 239900 | ശ്രീ.കെ.വി.സജിമോൻ<br>ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്.പ്ലാശനാൽ |
| 1-36 | 117607 | സാം ക്രിസ്റ്റി ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-38 | 9862 | ശ്രീമതി മഞ്ജുദേവി വി.ആർ., കൃഷി ഓഫീസർ |
| ആകെ | 367369 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ ഓഫീസിൽ നിന്നും നടത്തിയ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01, 2001-02 (പ്ലാൻ) | എൽ.എഫ്.കെ.പി.2-257/അദാ./14(2) തീ.08.01.15 | 2 |
| 2002-03 ചെലവ് | എൽ.എഫ്.കെ.പി.7/925 /04/04.03.05 | - |
| 2002-03 വരവ് | എൽ.എഫ്.കെ.പി.3/1087 /07/25.09.08 | - |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.കെ.പി.2-1252(എ)/2014(2) തീ.01.08.15 | 4 |
| 2007-08 | കെഎസ്എ കെടിഎം പി14 അദാ2018/209(7), 03.02.2018 | 4 |
| 2010-11, 2011-12 | കെഎസ്എ കെടിഎം പി14 അദാ2018/209(8), 03.02.2018 | 3 |
| 2012-13, 2013-14 | എൽ.എഫ്.കെ.പി.2-1562/15, 06.02.16 | 21 |
| 2014-15 | കെ.എസ്.എ-കെ.ടി.എം. പി.2-1824/2016, 10.01.2018 | 14 |
| 2015-16 | കെ.എസ്.എ-കെ.ടി.എം. പി.2-318/17, 25.3.2017 | 10 |
| 2016-17 | കെ.എസ്.എ-കെ.ടി.എം. പി.14-1924/2017, തീയതി 23.2.2018 | 6 |
| 2017-18 | കെ.എസ്.എ-കെ.ടി.എം. പി.14-223/19, തീയതി 14.10.2019 | 14 |
| 2018-19 | കെ.എസ്.എ-കെ.ടി.എം. പി.14-1870/19, തീയതി 27.05.2020 | 28 |
| 2019-20 | കെ.എസ്.എ-കെ.ടി.എം. പി.14-767/21, തീയതി 30.06.2021 | 19 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോട്ടയം, ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്